Registered No. M-4485. Madras War Review { MALAYALAM 12-11-1943

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 നവെമ്പർ 12-ാംനു. വെള്ളിയാഴ്ച [ലക്കം 11

## ജർമ്മൻ പ്ലാൻ മുഴുവൻ താറുമാറാക്കി

★



മാർഷൽ സ്റ്റാലിൻ

വർഷക്കാലസമരത്തെ തുടർന്നുകൊണ്ടു് ഒരു വേനൽക്കാലാക്രമണം റഷ്യൻ സൈന്യം ഇക്കൊല്ലമാണു് തുടങ്ങിയതു്. ഇതു് ഇക്കൊല്ലത്തെ ഏററവും പ്രധാനമായ ഒരു സംഭവമാകുന്നു. യുദ്ധരംഗത്തിന്റെ മദ്ധ്യഖണ്ഡത്തിൽമാത്രം നമ്മുടെ സൈന്യം സുമാറു് 750 നാഴിക മുന്നോട്ടു കടന്നിട്ടുണ്ടു്. സുമാറു് എട്ടു ലക്ഷം ചതുരശ്ര നാഴികയോളം ഭൂമി മടങ്ങിയെടുത്തുവെന്നു്മാത്രമല്ല, സ്റ്റാലിൻഗ്രാഡ് മുതൽ ഖേർസോൺ വരെ എത്തുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ പന്ത്രണ്ടു മാസങ്ങളായി ജർമ്മൻ സൈന്യം അനുഭവിച്ചുവരുന്ന പരാജയം നോക്കിയാൽ ഒരു സൈന്യത്തിന്റെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടു് യുദ്ധസാമർത്ഥ്യം വർദ്ധിപ്പിപ്പാൻ സാദ്ധ്യമല്ലെന്നു് തീർച്ചയായി. സ്റ്റാലിൻഗ്രാഡിൽ അനുഭവിച്ച പരാജയത്തിൽനിന്നു് ഇനിയും ജർമ്മൻകാർ നീർന്നിട്ടില്ല. സ്റ്റാലിൻഗ്രാഡ് കഴിഞ്ഞപ്പോൾ ജർമ്മൻ സൈന്യത്തിന്റെ പരാജയം തീർച്ചയായതുപോലെത്തന്നെ കർസ്ക്ക് യുദ്ധം കഴിഞ്ഞപ്പോൾ ജർമ്മൻ സൈന്യം തൊലഞ്ഞുവെന്നും തീർച്ചയായി. നഷ്ടങ്ങളെല്ലാം പിന്നീടു ഈടാക്കാമെന്നും, നശിച്ചുപോയ കീർത്തി യൂറോപ്പിൽ നവീകരണം ചെയ്യാമെന്നും ജർമ്മൻകാർ വിചാരിച്ചിരുന്നു. ഈവക ഉദ്ദേശങ്ങളെല്ലാം റഷ്യൻ സൈന്യം താറുമാറാക്കി.

—മാർഷൽ സ്റ്റാലിൻ, നവെമ്പർ 6-ാം തിയ്യതി

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ജൎമ്മൻ പ്ലാൻ മുഴുവൻ താറുമാറാക്കി .. .. | 1 | പ്രത്യേകലേഖനങ്ങൾ : | |
| | | കീഫ് .. .. | 5, 6 |
| | | ഇററലി. . .. | 5, 6 |
| | | തറവാട് .. | 5, 6 |
| വൎത്തമാനച്ചുരുക്കം .. .. .. .. | 2 | കഥാപംക്തി .. .. .. .. .. | 7, 10 |
| പ്രതിവാരചിന്തകൾ .. .. .. .. | 3, 4 | നാം മുന്നോട്ടു മുന്നോട്ടു .. .. .. .. | 11 |
| | | 5,000 ക. ഇനാം .. .. .. .. | 12 |


# വൎത്തമാനച്ചുരുക്കം

മോസ്കോവിൽനിന്ന് വാഷിങ്ങ്ടണ്ണിലേക്ക് മി. ചർച്ചിൽ ഒരു പാലം പണിയുകയാണത്രെ. മോസ്കോ റഷ്യയുടെയും വാഷിങ്ങ്ടൺ അമേരിക്കയുടെയും തലസ്ഥാനനഗരികളാണ്. ഈ പാലം പണി ചെയ്തു കഴിഞ്ഞാൽ ഇതുതന്നെയായിരിക്കും ലോകത്തിൽ ഏററവും വലിയ പാലം. മോസ്കോവിൽനിന്ന് വാഷിങ്ങ്ടണ്ണിലേക്ക് അത്രത്തോളം ദൂരമുണ്ട്. മോസ്കോ സ്ഥിതിസമത്വവാദിയും, അമേരിക്ക മുതലാളിത്വവാദിയുമല്ലെ. എന്നാൽ ഇവരിരുവരേയും ആദ്യമായി തന്നെ അടിസ്ഥാനത്തിൽ ബന്ധിക്കുന്ന പൊതുജനാധിപത്യത്വം (ഡിമോക്രസി) ഉണ്ട്. അതിനാൽ മി. ചർച്ചിലിന്റെ പാലത്തിന്ന് ഉറപ്പായിട്ടുള്ള അടിസ്ഥാനമുണ്ടെന്ന് തീൎത്തുപറയാം.

* * *

വേവൽ പ്രഭു ഇന്ത്യയിൽ വൈസറോയിയായി ഇപ്പോൾ വന്നിട്ടല്ലെ ഉള്ളു. അദ്ദേഹത്തിന്റെ വഴിയാത്രയുടെ വിയൎപ്പ് വററിട്ടുണ്ടൊ എന്ന സംശയമാണ്. അപ്പോഴെക്കും അതാ, ഇന്ത്യയിലെ നേതാക്കന്മാർ അദ്ദേഹത്തെ ഉണ്ണാനും ഉറങ്ങാനും സമ്മതിക്കാതെ ഉപദേശംകൊണ്ട് ബുദ്ധിമുട്ടിക്കുന്നു. ഇന്ത്യയിൽ ആചരിക്കേണ്ട നയം ഇന്നതാണ്; ആയ്ത് ഉടനെ ആചരിക്കണം എന്നും മററുമാണ് സ്വൈരംകെടുത്തിക്കൊണ്ടുള്ള ഉപദേശഹാരം. നല്ലൊരു സ്വാഗതമാണിത്! പത്തുറുപ്പിക ഒരാളോടു കടം ചോദിച്ചാൽ, ആകട്ടെ, ഞാൻ നാളെ പറയാം എന്നാണ് മറുപടി. ഇന്ത്യയെ അതിവിഷമമായ ഒരു ഘട്ടത്തിൽ ഭരിക്കാൻ വരുന്ന ഒരു വൈസറോയി വന്നെത്തുമ്പോഴെക്കും അദ്ദേഹത്തെ ഉപദേശംകൊണ്ട് തുലച്ചുകളയുന്നു. കാൎയ്യങ്ങൾ കണ്ടറിഞ്ഞ്, റിക്കാട്ടുകളെല്ലാം നോക്കി, അടിയന്തര വിഷയങ്ങളിൽ ആദ്യം ശ്രദ്ധപതിപ്പിച്ചുകൊണ്ടല്ലെ അദ്ദേഹത്തിന്നു ഭരണം ആരംഭിക്കാൻ തരമുള്ളു. ഒരുപക്ഷെ, ബ്ലാത്തിയിൽ നിന്ന് പുറപ്പെട്ട് ഇന്ത്യയിൽ വന്നെത്തിയ ഉടനെ മദിരാശി മൈലാപ്പൂരിൽ പോയി വല്ല "സാമ്യ" ള്ള കടയിൽ ചെന്ന് കുറച്ച് ബുദ്ധിയും പ്രാപ്തിയും മററും വാങ്ങാമെന്ന് വേവൽപ്രഭു കരുതിയതായി നമ്മുടെ നേതാക്കന്മാർ വിചാരിച്ചുവെന്നു തോന്നുന്നു. ഓ ന്റെ നേതാക്കന്മാരെ, നിങ്ങൾ ഇത്ര കാലം പ്രസംഗിച്ച് നടന്ന് ഇക്കാലമായപ്പോഴേക്കും രാജ്യം ഇങ്ങിനെ കുട്ടിച്ചുവരാക്കിയല്ലൊ. ഇനിയും നിങ്ങളുടെ ഉപദേശം നിൎത്താറായില്ലെ?

* * *

യുദ്ധം കഴിഞ്ഞാലുണ്ടാകുന്ന സമാധാനകാൎയ്യ സമ്മേളനത്തിന്ന് ഇന്ത്യയുടെ പ്രതിനിധിയായി മി. ഗാന്ധിയെ അല്ലെങ്കിൽ മററാരെയാണ് പറഞ്ഞയക്കുവാനുള്ളത്, എന്നു മി. ശ്രീനിവാസശാസ്ത്രി ഘോഷിക്കുവാൻ തുടങ്ങീട്ട് കുറച്ചുകാലമായിരിക്കുന്നു. എന്താണ് മി. ശാസ്ത്രിക്കു ഇത്ര പെട്ടെന്ന് മി. ഗാന്ധിയുടെ പേരിൽ ഒരു ഭ്രമം തുടങ്ങിയത്, എന്ന് അനവധി ആളുകൾ സംശയിച്ചിരുന്നു. ഒരുപക്ഷെ, വയസ്സുകാലത്ത് ഇദ്ദേഹത്തിന്ന് ബുദ്ധിക്കു വല്ല ഭ്രമവും വന്നതായിരിക്കാം എന്ന് ചിലർ പറഞ്ഞു. ഒരുപക്ഷെ വയസ്സുകാലത്ത് ഇദ്ദേഹം നന്നാവാൻ തുടങ്ങുകയായിരിക്കാം എന്ന് മററുചിലർ പറഞ്ഞു. ഇന്നലെ വെങ്കിടസുബ്ബറാവുവിന്റെ പ്രസംഗത്തിലതാ കള്ളി വെളിച്ചത്തായി. മി. ഗാന്ധി അങ്ങിനെയുള്ള സമ്മേളനത്തിന്നു പോകയാണെങ്കിൽ അദ്ദേഹത്തിന്റെ പക്കമേളത്തിന്ന് മി. ശാസ്ത്രിയെപ്പോലെ ആരാണുള്ളത് എന്ന് വെങ്കിടസുബ്ബറാവു ചോദിക്കുന്നു. ഗാന്ധി പോകേണ്ട കാൎയ്യത്തെപ്പററി ശാസ്ത്രി പറഞ്ഞതെന്തിനാണെന്നിപ്പോൾ മനസ്സിലായി. ഗവൎമ്മേണ്ട് വഴിയായി ഇനി തനിക്കു ഇങ്ങിനെയുള്ള സദ്യകളിലേക്ക് ക്ഷണം കിട്ടുകയില്ലെന്ന് തീൎച്ചയായിട്ടായിരിക്കാം, ഇല്ലെങ്കിൽ കോൺഗ്രസ്സ് വഴിയാകട്ടെ എന്ന് നിശ്ചയിച്ചത്.

* * *

ആത്മാഭിമാനം എന്നു പറയുന്ന വസ്തു ഇന്നതെന്നറിയാതെ, അതിനെ ലക്ഷ്യമാക്കി ചിലർ കാട്ടുന്ന ഗോഷ്ടികൾ വളരെ രസകരമായിട്ടുള്ളതാണ്. അയ്മ്പതുറുപ്പിക ശമ്പളമുള്ളവൎക്ക് നാല്പതുറുപ്പിക ശമ്പളക്കാരൻ വരെ കഷ്ടിച്ചു മൎയ്യാദവിടാതെ പെരുമാറാം എന്നാണു ഈ ആത്മാഭിമാന നിയമം. നാല്പതിൽ താഴെ ശമ്പളമുള്ളോരോടൊക്കെ ധിക്കാരമായിത്തന്നെ പെരുമാറണം എന്നും കൂടിയുണ്ട്. ഇതനുസരിച്ചുതന്നെയാണ് അന്യോന്യമുള്ള സംസൎഗ്ഗവും മററുമെന്നും നിശ്ചയമുണ്ട്. അയ്മ്പതുറുപ്പികക്കാരൻ നാല്പതിൽ താഴെയുള്ള ശമ്പളക്കാരുടെ ഒന്നിച്ച് ചായ കഴിക്കരുത്; ഒപ്പം ഇരിക്കരുത്; വീട്ടിൽ വല്ല സദ്യയുമുണ്ടായാൽ ക്ഷണിക്കരുത്; എന്നും മററും നിൎബ്ബന്ധമാണ്. ഇവരുടെ സ്ത്രീസമുദായവും ഇതനുസരിച്ചുതന്നെ പെരുമാറണം. ഇതുപോലെത്തന്നെ നേതൃത്വത്തിലും ചടങ്ങുകളുണ്ട്. പ്രധാനമന്ത്രിസ്ഥാനം ഒഴിഞ്ഞ രാജാജിക്ക് ഇപ്പോൾ ഒന്നാംകിട വേഷക്കാരന്റെ സ്ഥിതിയുണ്ട്. ഈ സ്ഥിതികൊണ്ട് കൂട്ടില്ലാതെ കിടന്നു പരുങ്ങുകയാണ്. പ്രധാന നേതൃത്വമുണ്ടെങ്കിൽ കോൺഗ്രസ്സിൽ നില്ക്കാമെന്നുണ്ടായിരുന്നു. അപ്പോഴേക്ക് അതിന്ന് ഗാന്ധി സമ്മതിക്കയില്ല. അതിനാൽ അതിൽനിന്നു വിട്ടു. ഇപ്പോൾ തന്റെ സ്ഥിതിക്കനുസരിച്ച മറെറാരു നടനെ കാണുന്നില്ല. ജിന്നയെ കഷ്ടിച്ച് ചാച്ചും ചെരിച്ചും അങ്ങോട്ടൊപ്പിക്കാമായിരുന്നു. പക്ഷെ അയാൾക്ക് ഇന്നേക്കും നന്നെ കഷ്ടിയാണ്. നോക്കണം, മററു ചിലരുടെ ഭാഗ്യം! ജയക്കൎക്കു എന്തിന്നും സപ്രുവിന്റെ കൂട്ടുണ്ട്. ഇപ്പോൾ അടുത്ത കാലത്തായി മറെറാരു കൂട്ടു തുടങ്ങിയിരിക്കുന്നു. സർക്കാർ മോഡി. ഇവർ രണ്ടാളും വൈസറോയി കൌൺസിലിൽ ഒന്നിച്ചുണ്ടായിരുന്നു. ഒന്നിച്ച് രാജിവെക്കുകയും ചെയ്തു. ദൈവം കടാക്ഷിച്ച് ഇത്തരത്തിലുള്ള കൂട്ട് ബോറു അധികം ഇല്ലാതിരുന്നാൽ വൎത്തമാനക്കടലാസ്സ് വായനക്കാരുടെ ഭാഗ്യം. ഗവൎമ്മേണ്ട് ശമ്പളം വാങ്ങിയിരുന്ന കാലത്ത് ഒരു സാധനം നാട്ടിന്നു ഗുണമായി ഇത്തരക്കാർ ചെയ്യുകയില്ല. ഗവൎമ്മേണ്ട് ജോലിയിൽനിന്നൊഴിഞ്ഞാൽ പിന്നെ ബ്രിട്ടിഷ് ഗവൎമ്മേണ്ട് ഇവരുടെ അസ്ത്രങ്ങൾക്കു നല്ല ലക്ഷ്യമാണ്. പാലം കടക്കുവോളം നാരായണാ.

* * *

എല്ലാവരുടെയും ആവശ്യം ഭരണാധികാരം അവനവന്ന് കയ്യിൽ കിട്ടണം; നല്ല ശംബളം കിട്ടണം. കിട്ടിക്കഴിഞ്ഞാലൊ? പിന്നെ മിണ്ടുന്നത്, ഇനി ഉദ്യോഗകാലാവധി നീളുകയില്ല; ശംബളം കിട്ടുകയില്ല; എന്ന് തീൎച്ചയായതിന്നു ശേഷമെ ഉള്ളു. ഗവൎമ്മേണ്ടു ഭക്ഷണകാൎയ്യത്തിൽ ചെയ്യുന്നതെല്ലാം വളരെ കേമമാവുന്നുണ്ട്; അഞ്ചു നിമിഷം കൊണ്ടു ക്ഷാമമെല്ലാം തീരും എന്നു പ്രസംഗിച്ചാളല്ലെ മി. സർക്കാർ? പെട്ടെന്നു ഗവൎമ്മേണ്ട് ചെയ്യുന്നതെല്ലാം അബദ്ധമാവുകയാണൊ ചെയ്തത്? ഇവിടുന്നങ്ങോട്ട് നാഷനൽ ഗവൎമ്മേണ്ട് വന്നാലെ ഗുണമുള്ളുവെന്നു പുതുതായി കണ്ടുപിടിച്ച ഒരു തത്വമാണൊ? ഇനി അങ്ങിനെ ഒരു തരം ഗവൎമ്മേണ്ട് വന്നാൽ അതിൽ കച്ചവടമെമ്പർ, ഭക്ഷണമെമ്പർ, എന്നും മററും പറഞ്ഞ് കടന്ന് കൂടാമല്ലൊ. ആറായിരം നാഴിക ദൂരത്തു കിടക്കുന്ന ബ്രിട്ടൺ ഇന്ത്യയിലെ കാൎയ്യങ്ങൾ നോക്കുന്നതിൽ അബദ്ധമുണ്ടെന്ന് ഈ കൂട്ടർ പറയുന്നു; അയലോകത്ത് കിടക്കുന്ന ഇന്ത്യക്കാരന്ന് അധികാരം കിട്ടിയാൽ കാട്ടുന്ന അബദ്ധങ്ങളൊന്നും അബദ്ധങ്ങളല്ലാതിരിക്കുമൊ? ബ്രിട്ടീഷ് ഗവൎമ്മേണ്ടിന്റെ ഭരണനയം കാലിഞ്ച് വിട്ടുകൊടുക്കാതെ ഉറപ്പിച്ചു പറയുന്ന മി. അമരിക്ക് നമസ്കാരം. ഇന്ത്യൻ ഭരണം നേതാക്കന്മാരുടെ വക്കൽ ഒരിക്കലും കൊടുത്തു പോകല്ലെ. ഇവർ തൊള്ള പറയാനല്ലാതെ മറെറാന്നിനും കൊള്ളുന്നവരല്ല. ഇന്ത്യയുടെ കോടാനുകോടി സാധുക്കൾക്കു രക്ഷയുള്ള ഒരു ഭരണം കണ്ടുപിടിക്കണം. അതു ബ്രിട്ടന്റെ വലുതായ ഒരു ചുമതലയാണ്.

* * *

ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ഇന്ത്യയിൽ അഭിവൃദ്ധി യാതൊന്നും ഉണ്ടായിട്ടില്ലെന്നും, ഇന്ത്യയുടെ ധനസ്ഥിതി ക്രമേണ

(ശേഷം 11-ാം പേജിൽ)

# പ്രതിവാരചിന്തകൾ

അന്നു് മരിച്ചുപോയ ധീരാത്മാക്കളുടെ സ്മാരകമായി നവെമ്പർ 11-ാം തിയ്യതി രണ്ടു് മിനുട്ടുനേരം നാം സർവ്വ കർമ്മങ്ങളും നിർത്തിവെച്ചു് ഈശ്വരനോടു പ്രാർത്ഥിക്കുന്നു. എന്നു മരിച്ചുപോയവരാണു് ഇവർ? കഴിഞ്ഞ ലോകമഹായുദ്ധത്തിൽ. വീര്യസ്വർഗ്ഗം പ്രാപിച്ച അന്നെത്തെ ധീരാത്മാക്കൾ സൽഗതിയടയട്ടെ, എന്നാണു് പ്രാർത്ഥന. നമ്മുടെ പ്രാർത്ഥനയില്ലാതെതന്നെ അവർ സൽഗതിയടഞ്ഞവരാണു്. എങ്കിലും ലോകസ്വാതന്ത്ര്യത്തിന്നും സമാധാനത്തിന്നുംവേണ്ടി ആത്മത്യാഗംചെയ്തു ഇവർക്കു മററെന്താണു് നമ്മളാൽ ചെയ്വാൻ സാധിക്കുന്നതു്? നമ്മുടെ പക്കൽനിന്നു് എന്തൊരു പ്രതിഫലമാണു്

നകാംക്ഷികളായ ലോകനേതാക്കന്മാരെല്ലാം ചേർന്നു് ഇനിമേലിൽ യുദ്ധം ഉണ്ടാകരുതെന്നു് തീർച്ചയാക്കി, ഈ തീർപ്പിന്നനുസരിച്ചു ഒരു സമാധാന ഉടമ്പടിയും ഉണ്ടാക്കിയതു് ഇരിപതു കൊല്ലം കഴിയുമ്പോഴേക്കും നിഷ്ഫലമായി കലാശിച്ചുവെന്നുള്ള അനുഭവം മനുഷ്യഹൃദയത്തിൽ യഥാർത്ഥത്തിൽ ലോകത്തിനോടു വെറുപ്പുണ്ടാക്കിത്തീർക്കുന്നു. കൊല്ലം 1914 ആഗസ്റ്റു് 4-ാം തിയ്യതി ബ്രിട്ടൻ അന്നേത്തെ യുദ്ധത്തിൽ ചേർന്ന സമയം മുതല്ക്കു 1918 നവെമ്പർ 11-ാം തിയ്യതി വരെ ലോകം അനുഭവിച്ച ദുഃഖം ആലോചിച്ചാലാകട്ടെ, പ്രസ്തുത യുദ്ധാവസാനത്തിൽ സമാധാന ഉടമ്പടിക്കു് ഒരുങ്ങി 1919 ഫിബ്രവരി 3-ാം തിയ്യതി



മോസ്കോ സമ്മേളനം: ബ്രിട്ടിഷ്ഷു വിദേശകാര്യ മന്ത്രി മി. ഈഡൻ റഷ്യൻ വിദേശകാര്യ മന്ത്രി മി. മൊളോട്ടോവിനോടു സംസാരിച്ചുകൊണ്ടുനില്ക്കുന്നതു്. ഇതു ഒരു റേഡിയോ ചിത്രമാകുന്നു.

ഇവർ ഇച്ഛിക്കുന്നതു്? ഒന്നുമില്ല. അവരെപ്പററി ഇതുമാത്രമെ ഇനി കർത്തവ്യമായിട്ടുള്ളൂ. അതു് പരിശുദ്ധഹൃദയത്തോടുകൂടി ചെയ്കയെന്നെ ഇതിന്നർത്ഥമുള്ളൂ. ഇന്നലെ ഉച്ചക്കു് പതിനൊന്നുമണിക്കു ഈ കർമ്മം ബ്രിട്ടീഷ സാമ്രാജ്യത്തിലെ സർവ്വ ജനങ്ങളും നിറവേററിയിരിക്കുമെന്നു് വിശ്വസിക്കുന്നു. ഈ കർമ്മം 1919 മുതല്ക്കു നാം ചെയ്തുവരുന്നുണ്ടു്. കൊല്ലം 1918 നവെമ്പർ 11-ാം തിയ്യതിയാണു് സമാധാന ഉടമ്പടിയിൽ ജർമ്മൻ ഗവർമ്മേണ്ടിന്റെ പ്രധിനിധികൾ കയ്യൊപ്പു വെച്ചതു്. അപ്പോഴെ യുദ്ധ രംഗങ്ങളിൽ വെടിവെപ്പു നിലച്ചുള്ളൂ.

### കഴിഞ്ഞ ലോകമഹായുദ്ധം

ഇപ്പോൾ നടക്കുന്ന ഘോരമഹായുദ്ധമദ്ധ്യത്തിൽ ഇതിനെപ്പോലെ മുൻഗാമിയായ മററൊരു സംഭവത്തെ ഓർക്കുന്നതു ഒട്ടും സുഖകരമായിട്ടുള്ളതല്ല. പ്രത്യേകിച്ചു, കഴിഞ്ഞ യുദ്ധാവസാനത്തിൽ സമാധാ

ലോകനേതാക്കന്മാരെല്ലാവരും പാരീസ് നഗരിയിൽ സമ്മേളിച്ച ഘട്ടത്തിൽ അവർക്കുണ്ടായിരുന്ന മനസ്ഥിതി നോക്കിയാലാകട്ടെ, പിന്നെയൊരു യുദ്ധമുണ്ടാകാൻ തരമില്ല. ഒരു തലമുറ കഴിയുന്നതിന്നുമുമ്പു പിന്നേയും ഒരു യുദ്ധത്തിൽ ചെന്നുചാടുവാനിടവന്ന വിധിവൈഭവം ആലോചിച്ചാൽ പ്രസവസമയത്തു് മേലിൽ പ്രസവിക്കാനിടവരില്ലെന്നു് പ്രതിജ്ഞ ചെയ്യുന്ന പെണ്ണിനെ നാം എന്തിന്നു് പരിഹസിക്കുന്നു. പെണ്ണും, ആണും, നേതാക്കന്മാരും, അനുഗാമികളും ഒക്കെ ഒരുപോലെതന്നെ. ഇങ്ങിനെയുള്ള ദുഃഖാനുഭവം ഉജ്ജ്വലമായി ഇന്നും നമ്മുടെ മനസ്സിലുള്ളതുകൊണ്ടാണു് നമ്മുടെ നേതാന്മാർ ഇനി മേലിൽ യുദ്ധമില്ലാതെ കഴിപ്പാൻ ശ്രമിക്കുകയാണെന്നു് പറയുമ്പോൾ വിശ്വാസത്തിന്റെ മാററിന്നു് അല്പം കുറവു തോന്നുന്നതു്. അന്നു് ചെയ്തതായ ഓപ്പറേഷൻകൊണ്ടു ദുഷ്ടു് മുഴുവൻ പോകാഞ്ഞിട്ടാണു് ഇന്നും വ്യാധി പുറ

പ്പെട്ടതെന്നു് പറകയാണെങ്കിൽ ഇന്നെത്തെ ഓപ്പറേഷനെങ്കിലും വൃത്തിയായി നമ്മുടെ നേതാക്കന്മാർ ചെയ്യുവെങ്കിൽ എത്ര നന്നായിരുന്നു. വ്യാധിക്കു് മൂപ്പ ശരിയായിട്ടില്ലെന്നാണൊ പറയുന്നതു് ? ശരിയായി മൂപ്പെത്തുന്നതു് വരെ ലോകം എത്ര കഷ്ടപ്പെട്ടാലും കാക്കുവാനൊരുക്കമാണു്. ഒരു സംഗതിമാത്രമെ ഊന്നിപ്പറയുന്നുള്ളൂ. ഇങ്ങിനെയൊരു കഷ്ടം ഇനി മൂന്നാമതനുഭവിപ്പാനിടവരരുതു്. ബുദ്ധിശാലികളായ നേതാക്കന്മാർ ചെയ്യേണ്ട ഒരു കർമ്മമാണിതു്.

## റഷ്യൻ വിപ്ലവം

റഷ്യയിൽ വിപ്ലവം നടന്നതിന്റെ ഇരുപത്താറാമത്തെ വാർഷികദിനം ഈ മാസം 7-ാം തിയ്യതി റഷ്യയിലും ഐക്യകക്ഷി രാജ്യങ്ങളിലും കൊണ്ടാടി. ഈ വിപ്ലവമാണു് അവിടെ ചക്രവർത്തിഭരണം ഇല്ലാതാക്കി സോവിയററു് ഭരണം നടപ്പാക്കിയതു്. ഈ ഇരുപത്താറു കൊല്ലംകൊണ്ടു് സാമ്പത്തികകാര്യങ്ങളിലും ഭരണഘടനയിലും സ്ഥിതിസമത്വവാദം എത്ര ദീർഘിച്ചതായ യാത്രയാണു് ചെയ്തതെന്നും ഏതെല്ലാം വിധത്തിൽ പ്രായോഗികമായ നിലയിൽ ഈ സമുദായന്യായം ഭേദപ്പെടുത്തേണ്ടിവന്നിട്ടുണ്ടെന്നും റഷ്യയിലെ ഇക്കാലത്തെ ചരിത്രംകൊണ്ടു നോക്കിയാലറിയാവുന്നതാണു്. വിപ്ലവം കഴിഞ്ഞ ആദ്യകാലങ്ങളിൽ റഷ്യക്കുണ്ടായിരുന്ന വേഷവും ഭാഷയും സമാധാനകാംക്ഷികളെ വളരെ പരിഭ്രമിപ്പിച്ചിരുന്നു. ദാരികാവധം കഴിഞ്ഞു്, കൊട്ടുംക്രൂരസ്വഭാവത്തിൽ അലറിവരുന്ന നീലശൈലസ്വരൂപിയായ ഭദ്രകാളിയുടെ വേഷംതന്നെയായിരുന്നു. ഇക്കാലത്തു് റഷ്യ ലെനിന്റെ നേതൃത്വത്തിൽ ലോകവിപ്ലവപ്രസ്ഥാനത്തെ അത്യുത്സാഹത്തോടുകൂടി സഹായിച്ചിരുന്ന ഒരു സന്ദർഭവുമായിരുന്നു. ലെനിന്റെ നേതൃത്വം അവസാനിച്ചു് സ്റ്റാലിന്റെ നേതൃത്വം തുടങ്ങിയതിന്നുശേഷം റഷ്യയുടെ ക്രൂരവേഷം ക്രമേണ വിടുകയും ഇന്നു് അതിശാന്തസുന്ദരമായ ഒരു സ്വരൂപമാവുകയും ചെയ്തിരിക്കുന്നു. റഷ്യ എന്ന വാക്കു കേൾക്കുമ്പോൾ അതോടൊന്നിച്ചു് വിപ്ലവം, കലാപം മുതലായ ഭീഭത്സചേഷ്ടകളെപ്പററി ചിന്തിക്കേണ്ടിയിരുന്ന സ്ഥിതിയെല്ലാം വിട്ടു് ഇന്നു ലോകസമാധാനം എന്നു് വിചാരിക്കുമ്പോൾ അതിന്നു് ഒരു മോന്തായമായി കാണുന്നതും റഷ്യയെയാണു്. സ്റ്റാലിന്റെ നേതൃത്വം ആരംഭിച്ച മുതൽ ഈ മാററങ്ങൾ വന്നിരുന്നുവെങ്കിലും പ്രധാനമായി യുദ്ധം തുടങ്ങിയതിന്നുശേഷം ഐക്യകക്ഷികളോടുകൂടിയുള്ള സാഹചര്യം തുടങ്ങിയപ്പോളാണു് റഷ്യയുടെ ശാന്തസുന്ദരമായ വേഷം പ്രകാശിപ്പാൻ തുടങ്ങിയതു്.

## റബാൾ

തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രത്തിൽ എണ്ണത്തിലും വണ്ണത്തിലും മികച്ച ഒരു കോയ്മയാണു് ആസ്ത്രേലിയ. ആസ്ത്രേലിയായുടെ വടക്കെ ഇതയിലായി അനവധി ദ്വീപുകളും കിടപ്പുണ്ടു്. ഈ ദ്വീപുകളിൽ ചിലതെല്ലാം കഴിഞ്ഞ യുദ്ധത്തിന്നു ശേഷം ഭരണാവശ്യാർത്ഥം ആസ്ത്രേലിയൻ കോയ്മയെ ഏല്പിച്ചിരുന്നു. ഇതിൽ ഒന്നു് ന്യൂഗിനിയാ ദ്വീപിന്റെ ഒരു ഭാഗമാണു്. മറേറതു് ബിസ്മാർക്കു അർക്കിപിലാഗോ എന്ന ദ്വീപുസമൂഹമാണു്. മൂന്നാമതു് ബോങ്ങ്‌വിൽ, ബ്യൂക്കാ എന്ന ദ്വീപുകളുമാണു്. ന്യൂഗിനിയാ ദ്വീപിന്റെ അടുത്തുള്ള ന്യൂ ബ്രിട്ടൺ ദ്വീപും ആസ്ത്രേലിയൻ ഭരണത്തിൻ കീഴിലായിരുന്നു. ന്യൂ ബ്രിട്ടനിലുള്ള ഒരു തുറമുഖപട്ടണമാകുന്നു റബാൾ. ആസ്ത്രേലിയൻ ഭരണത്തിൻ കീഴിൽ പെട്ട ദ്വീപുകളുടെയെല്ലാം തലസ്ഥാനനഗരിയുമായിരുന്നു റബാൾ. കൊല്ലം 1937 ൽ റബാൾ ഭൂകമ്പം കൊണ്ടു നശിച്ചുപോയതിനാൽ ഈ തലസ്ഥാനം അവിടെനിന്നു് മാററി. ഇപ്പോഴത്തെ യുദ്ധത്തിൽ 1941 ഡിസെമ്പർ 8-ാം തിയ്യതി ജാപ്പാൻ പ്രവേശിക്കുകയും, ഒട്ടുംതാമസിയാതെ തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രത്തിൽ പലേ സ്ഥലങ്ങളും കൈക്കലാക്കുകയും ചെയ്തു. കൊല്ലം 1942 ജനവരി 11-ാം തിയ്യതി മുതൽ ജനവരി 31-ാം തിയ്യതിക്കുള്ളിൽ ജാപ്പാൻ കൈവശപ്പെടുത്തിയ സ്ഥലങ്ങളിൽ പെട്ടതാണു് റബാൾ, ലേ, സലമുവാ മുതലായ സ്ഥലങ്ങൾ. റബാൾ കൈവശപ്പെടുത്തിയതു് ജനവരി മാസത്തിൽ ഒടുവിലത്തെ ആഴ്ചയിലാകുന്നു. ഈ സ്ഥലങ്ങൾ കൈവശപ്പെടുത്തിയതിന്നു ശേഷമാണു് ഡച്ചുകാരുടെ ഈസ്റ്റ് ഇണ്ടീസ് എന്നു പറയുന്ന സ്ഥലങ്ങൾ ജാപ്പാൻ ആക്രമിച്ചതു്.

## ട്രൂക്ക്

നവെമ്പർ 6-ാം തിയ്യതി അമേരിക്കൻ വിമാന സൈന്യം റബാൾ തുറമുഖത്തേയും പട്ടണത്തെയും ഒരു ബോംബാഭിഷേകം ചെയ്കയുണ്ടായിട്ടുണ്ടു്; ഭയങ്കരമായിരുന്നു. റബാൾ ജാപ്പാൻകാരുടെ ഒരു പ്രധാന സൈന്യസങ്കേതമാണു്. അമേരിക്കൻ വിമാന സൈന്യം നൂറുനൂറായിട്ടാണു് ആക്രമണത്തിന്നുചെന്നതു്. ഈ തുറമുഖത്തിലേക്കു ഒരു വലുതായ ജാപ്പാൻ കടൽസൈന്യം പോകുന്നുണ്ടെന്നു അറിഞ്ഞുകൊണ്ടാണു് ഈ ആക്രമണം നടത്തിയതു്. ജാപ്പാൻ പടക്കപ്പലുകളും സാമാനക്കപ്പലുകളും കൂടി 53 കപ്പലുകളുണ്ടായിരുന്നു. ഇവയെ മിക്കവാറും തുളുതുളാക്കിക്കളഞ്ഞുവെന്നാണു് വർത്തമാനം. റബാൾ കഴിഞ്ഞാൽ ഈ പ്രദേശത്തു ജാപ്പാൻകാരുടെ മറെറാരു പ്രധാന കടൽസൈന്യസങ്കേതമാണു് ട്രൂക്ക് ദ്വീപു്. കാറൊലൈൻ ദ്വീപുകളെന്ന പേരിൽ 240 ൽ അധികം ദ്വീപുകളിൽ പെട്ട ഒന്നാകുന്നു ഇതു്. റബാളിൽനിന്നു ഇവിടേക്കു വടക്കോട്ടു് 800 നാഴിക വഴിയുണ്ടു്. നാല്പതു നാഴിക വിതിയുള്ള ഒരു കായൽ ഉണ്ടു് ഈ ദ്വീപിന്നടുത്തു്. ഇതിൽ ജാപ്പാൻകാരുടെ കടൽസൈന്യം മുഴുവൻ നിർത്തുവാൻ സാധിക്കുമെന്നുമാത്രമല്ല, ഇതിനെ ഒരു വലിയ സൈന്യ സങ്കേതവുമായുപയോഗിക്കാം.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 നവെമ്പർ 12-ാംനു, വെള്ളിയാഴ്ച

### കീഫ്

കൊല്ലം 1941 സപ്തെമ്പർ 20-ാം തിയ്യതി റഷ്യക്കാൎക്കു മറക്കുവാൻ സാധിക്കാത്ത ഒരു ദിവസമായിരുന്നു. ജൎമ്മൻ സൈന്യത്തിന്റെ വിജയഭേരിയുടെ മുഴക്കം ലോകം ഞെട്ടുമാറു; റഷ്യൻ സൈന്യത്തെ നാമാവശേഷമാക്കി തീൎത്തുകളയാമെന്നു അവരുടെ പ്രതിജ്ഞ. ഈ പ്രതിജ്ഞക്കനുസരിച്ചു കീഫിനെ രക്ഷിച്ചുകൊണ്ടു നിന്നിരുന്ന റഷ്യൻ സൈന്യത്തെ ഒരേടത്തു ജൎമ്മൻകാർ വളഞ്ഞു നാശമാക്കിക്കളഞ്ഞതിന്നുശേഷമാണു സപ്തെമ്പർ 20-ാം തിയ്യതി യൂക്രൈനിന്റെ തലസ്ഥാനമായ ഈ നഗരിയെ പിടിച്ചതു. അതിഗംഭിരമായ നഷ്ടത്തിന്നു പുറമെ റഷ്യക്കാൎക്കുള്ള അപമാനവും സഹിപ്പാൻ വയ്യാത്തതായിരുന്നു. അതികഷ്ടാവസ്ഥയിലും അവരുടെ ഉശിരുകളയാതെ നിന്നുപോന്നുവെന്നുമാത്രമെ അവൎക്കൊരു മെച്ചമുള്ളൂ. എത്ര അമൂല്യവസ്തുവും ശത്രുവിന്റെ കൈവശത്തിൽ പെടുവാൻ പോകുന്നുവെന്നു കണ്ടമാത്രയിൽ അവർ നശിപ്പിച്ചേ പിൻമാറിയിരുന്നുള്ളൂ. ഈ നായ്ക്കൾക്കു ഇതു കിട്ടരുതെന്നായിരുന്നു റഷ്യൻ മതം. അതുപോലെത്തന്നെ അവർ പററിക്കുകയും ചെയ്യുിരുന്നു. സപ്രൊഷെ നഗരിയിൽ ഉണ്ടായിരുന്ന അണക്കെട്ടു ജൎമ്മൻകാർ കൈവശപ്പെടുത്തുമെന്നുള്ള സ്ഥിതിയായപ്പോൾ അതിനെ പെട്ടെന്നു നശിപ്പിച്ചു കളഞ്ഞു. അതേമാതിരി നയം അവർ കീഫ് നഗരിയിലും പ്രയോഗിച്ചു. ഇങ്ങിനെ 1941 സപ്തേമ്പർമാസത്തിൽ ജൎമ്മൻകാൎക്കൊഴിഞ്ഞു കൊടുത്ത സ്ഥലമാണു ഇപ്പോൾ റഷ്യക്കാർ 1943 നവെമ്പർ 6-ാം തിയ്യതി ജൎമ്മൻകാരുടെ വക്കൽനിന്നു മടങ്ങിയെടുത്തതു. സ്ഥലം ഒഴിഞ്ഞുകൊടുക്കുന്നതിന്നു മുമ്പു വലിയ മരണഗോഷ്ഠികളെല്ലാം ജൎമ്മൻകാർ കാണിച്ചു. പുല്ലും, തൊട്ടാവാടിയുംകൂടി ബാക്കിയില്ലാതെ എല്ലാം നശിപ്പിച്ചു. അതിന്നുശേഷമാണു അവർ ഒഴിച്ചതു. ഒന്നും റഷ്യക്കാൎക്കു കിട്ടിയില്ലെങ്കിലും അവരുടെ മാനം അവർ വീണ്ടെടുത്തു. യൂക്രൈനിൽ ജൎമ്മൻകാൎക്കുള്ള ഒടുവിലത്തെ പ്രധാന സങ്കേതവും ഇല്ലാതായി.

---

### ഇററലി

ഇററലിയിൽ ഐക്യകക്ഷി സൈന്യം ക്രമേണ പുരോഗതിയെ പ്രാപിച്ചുവരുന്നു. അതിവേഗത്തിൽ റോമിന്നഭിമുഖമായി കുതിച്ചിരുന്നവരെ തടയുന്ന ഭൂപ്രകൃതിയും മഴയുമാണു ഇന്നത്തെ ഗതിയൊന്നു കുറയുവാനിടവരുത്തിയതു. എങ്കിലും എട്ടാം സൈന്യം സാംഗ്രോ നദിയുടെ തീരത്തെത്തിയിരിക്കുന്നു. അഞ്ചാം സൈന്യം മിഗ്നാനൊ എന്ന ഒരു പട്ടണം കൈക്കലാക്കി റോമിലേക്കുള്ള റോഡും റെയിലും കീഴടക്കിയിരിക്കുന്നു. ഇനി റോമിൽ എത്തുന്നതിന്നുമുമ്പു അതിഗംഭീരമായിട്ടുള്ള ഒരു യുദ്ധം ഉണ്ടാവുക സാംഗ്രോ നദീതീരത്തു വെച്ചിട്ടാണു. ജനറൽ റോമലും എട്ടാം സൈന്യവും ഈ നദി കടക്കുന്ന ഘട്ടത്തിൽ ഇററലിയൻ യുദ്ധത്തിൽവെച്ചു ഏററവും ഭയങ്കരമായ യുദ്ധമുണ്ടാകുമെന്നാണു പ്രതീക്ഷ. ഇപ്പോൾതന്നെ നദിയുടെ രണ്ടു കരക്കുനിന്നും പീരങ്കി പടയാരംഭിച്ചിരിക്കുന്നു. യുദ്ധരംഗത്തിലെ സ്ഥിതി ഇങ്ങിനെയിരിക്കുന്ന ഘട്ടത്തിൽ തിരശ്ശീലക്കുള്ളിൽ വെച്ചു പലേ സംഭവങ്ങളും നടക്കുന്നുണ്ടു. ഇററലിയിലെ രാജാവായ വിക്ടർ ഇമാനുവലിനെ രാജ്യഭ്രഷ്ടനാക്കേണമെന്നും അങ്ങിനെ ചെയ്യാത്തപക്ഷം ഇററലിയിൽ ന്യായമായ ഒരു പൊതുജനാധിപത്യഭരണം സാദ്ധ്യമല്ലെന്നുമാണു ബഡോഗ്ലിയൊവിന്റെ അഭിപ്രായം. ഈ അഭിപ്രായത്തെ അനുസരിച്ചുതന്നെയാണു ഇററലിയിൽ മററനവധി പ്രമാണികളുടെ അഭിപ്രായവും. രാജാവു പുറത്തുപോയാൽമാത്രമെ മൎയ്യാദക്കാരായവർ ഭരണകാൎയ്യത്തിൽ പങ്കെടുക്കുവാനിഷ്ടപ്പെടുകയുള്ളുവെന്നാണു അനവധി ആളുകൾ പറയുന്നതു. ഏതായാലും രാജാവിനെ പുറത്തു തള്ളുവാൻ തീൎച്ചയാക്കിയിരിക്കുന്നു. എന്താണു ഇദ്ദേഹത്തിന്റെ കുററം? മുസ്സോളിനി ഇററലിയിൽ സ്ഥാപിച്ച ഫാസിസം വളൎന്നുവരുവാനുള്ള വളമ ഇദ്ദേഹം കൊടുത്തതുകൊണ്ടാണു ഇററലി ഇന്നത്തെപ്പോലെ അനാഥസ്ഥിതിയിലാകാനിടയായതെന്നാകുന്നു പരക്കെ ബോദ്ധ്യം. ഇതു യഥാൎത്ഥ സംഗതിയാണു താനും. ഇങ്ങനെയൊരു കാരണമില്ലെങ്കിൽകൂടി രാജ്യം നന്നാവാൻ വഴിയുണ്ടെങ്കിൽ രാജാവു പോകാതെ കഴികയില്ല.

---

### തറവാട്ട്

കേരളത്തിന്നു കേളി കേൾപ്പിച്ച ഒരു വ്യക്തിയാണു ഇതു. ഇന്നു ഈ ഒരു വ്യക്തി പൊളിഞ്ഞുപോയതുകൊണ്ടാണു കേരളം പാഴായതു. ഇന്നത്തെ പരിഷ്കാരികൾക്കു ഈ അഭിപ്രായം തീരെ പിടിക്കയില്ല. പക്ഷെ, കേരളസമുദായത്തെ യഥാൎത്ഥമായി സ്നേഹിക്കുന്ന ഏവനും ഇതു സമ്മതിക്കാതിരിക്കയുമില്ല. ഇത്ര മഹത്തായ സമുദായശക്തിയെ വൎണ്ണിപ്പാൻ തുടങ്ങുന്നതു എവിടുന്നാണു, വൎണ്ണനയവസാനിപ്പിക്കേണ്ടതു എവിടെയാണെന്നു നിശ്ചയമില്ല. കേരളമഹിമ വല്ലതു

മുണ്ടായിരുന്നുവെങ്കിൽ അവയെല്ലാം നിറച്ചുവെച്ച് ഐശ്വര്യലക്ഷ്മി കളിയാടിയിരുന്ന ഒരു മണിച്ചെപ്പാണ് ഇത്; കേരള കേസരികൾ ഒരുകാലത്തു കളിച്ചു വളർന്നുവന്ന ഒരു കദളീവനമാണ്; കേരള സുന്ദരികളുടെ പതിവ്രതാധർമ്മം കാത്തുരക്ഷിച്ചുവന്ന കന്മതിൽക്കെട്ടാണ്; കേരളസന്താനങ്ങളെ പട്ടിണിയറിയാതെ സംരക്ഷിച്ചുവന്ന ധർമ്മശാലയാണ്; അയൽരാജ്യങ്ങളെ അപേക്ഷിച്ച് കേരളത്തിന്നുള്ള ദാരിദ്ര്യസ്ഥിതിയെ പുറത്തുകാട്ടാതെ മാനംപോലെ കഴിവാൻ സാദ്ധ്യമാക്കിയിരുന്ന ഒരു തിരസ്കരണി വിദ്യയാണ്; ആണുങ്ങളുടെ ശൊല്പടിക്ക് നടത്തിയിരുന്ന ഒരു കുഡുംബഭരണമാണ്; സ്വന്ത സന്താനങ്ങളിലുള്ള മൃഗപ്രേമത്തിന്ന് അനായാസേന വിഹരിപ്പാൻ വഴികൊടുക്കാതെ മനുഷ്യനിൽ നിസ്വാർത്ഥബുദ്ധിയെ വളർത്തിവന്ന ഒരു സ്വർണ്ണപഞ്ജരമാണ്; വാക്കിന്നും, വാളിന്നും വിലവെപ്പിച്ചിരുന്ന ഒരു ശക്തികേന്ദ്രമാണ്.

ഇത്ര മഹത്തായ ഒരു സാധനം ഇല്ലാതാവാനെന്തെ കാരണം? അന്യനെ കുററം പറഞ്ഞിട്ട് കാര്യമില്ല; നൊമ്മൾ തന്നെയാണ് കാരണം. തറവാട്ടിലെ ചില അംഗങ്ങൾ പാശ്ചാത്യപരിഷ്കാരംപഠിച്ചു; ചാക്യാർ പറയുംപൊലെ, "ഭാര്യാഭേസി" കളായി. പാശ്ചാത്യസംസ്കാരത്തിൽ ഡിമൊക്രസിയെപ്പററി എന്തൊക്കെയൊ അവർ കേൾക്കാൻ തുടങ്ങി; അമ്മാമന്റെ ഭരണം ഓട്ടോക്രസിയാണെന്ന് ആക്ഷേപമായി. തലെണ്ണമന്ത്രത്തിന്ന് ശക്തിയായി. മരുമക്കത്തായം ചീത്തയാണെന്നായി. സ്വന്ത സമ്പാദ്യം ഭാര്യക്കും മക്കൾക്കും കൊടുക്കേണമെന്നായി. തരമുണ്ടെങ്കിൽ തറവാട്ടിലെ ഒരു ഭാഗവും കിട്ടേണമെന്നായി. ഭാഗം വേണമെന്നായി. അതിന്ന് നിയമം വേണമെന്നായി. ചുരുക്കി പറയുന്നതായാൽ, പാശ്ചാത്യപരിഷ്കാരഭ്രമികൾ, പാശ്ചാത്യപരിഷ്കാരത്തിന്റെ അന്തവുമാദിയുമറിയാതെ, തറവാട്ട് പൊളിയന്മാരായി. പാശ്ചാത്യപരിഷ്കാരത്തിന്ന് യാതൊരു തെററുമില്ല. ഇംഗ്ലീഷു സമുദായത്തിന്റെ സ്ഥിരമായ യോഗ്യതയെന്താണ്? അവരുടെ പൂർവ്വിക തറവാടുകൾ ഇന്നും പൊളിയുവാൻ അവർ സമ്മതിച്ചിട്ടില്ല. ഇംഗ്ലീഷു് അരിസ്റ്റോക്രസിയെ ഏതു കൊടുങ്കാററിലും നിലനിന്നു പോരത്തക്കനിലയിലാണ അടിയുറപ്പിച്ചിരിക്കുന്നത്. നൊമ്മൾ പാശ്ചാത്യപരിഷ്കാരം യഥാർത്ഥമായി അനുകരിച്ചിരുന്നുവെങ്കിൽ ആചന്ദ്രതാരം നമ്മുടെ തറവാട്ട് നിലനിന്നേനെ.

യുദ്ധാനന്തരമുണ്ടാകുന്ന കാലസ്ഥിതിയിൽ അതികഷ്ടം എന്നുള്ളൊരനുഭവം നമുക്കില്ലാതെ കഴിക്കേണമെങ്കിൽ കേരളത്തറവാടിനെ പുനർജ്ജീവിപ്പിക്കുക; തറവാട്ടുചിട്ടക്കനുസരിച്ചുള്ള ജീവിതം ആരംഭിക്കുക. ചായപലഹാരങ്ങളില്ല, കഞ്ഞിയും പുഴുക്കും മാത്രമെ ഉള്ളു; പവറും പരിഷ്കാരവുമൊന്നുമില്ല, തോർത്തുമുണ്ടും പട്ടക്കുടയും മാത്രമെയുള്ളുവെന്നൊന്നും കരുതി മനസ്സിനെ മടുപ്പിക്കേണ്ടാ.

"ഫുല്ലാബ്ജത്തിന്റെ രമ്യതക്കു കുറവോപായൽ പതിഞ്ഞീടിലും
ചൊല്ലാർന്നോരഴകല്ലയോ പനിമതിക്കങ്കം കറുത്തീടിലും
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും ഭൂയിഷ്ഠശോഭാവഹം
നല്ലാകാര മതിന്നലങ്കരണമാ മെല്ലാ പദാർത്ഥങ്ങളും."

## കൃഷിക്കാരുടെ കഷ്ടപ്പാട് തീർപ്പാൻ

യുദ്ധകാലമായതിനാൽ ഇരുമ്പിന്നു വലിയ ക്ഷാമം. അതിനാൽ കൃഷിക്കാരും നാട്ടുപുറങ്ങളിൽ കാളവണ്ടിക്കാരും വളരെ കഷ്ടപ്പെടുന്നു. കരി, കോക്കോട്ടു, മഴു, അരിവാൾ ഇതെല്ലാം ഉണ്ടാക്കുവാൻ ഇരുമ്പു കിട്ടാതെ കൃഷിക്കാർ നേരിട്ട കഷ്ടപ്പാടൊന്നും പറവാനില്ല. ഇപ്പോൾ അവരുടെ നിവൃത്തിമാർഗ്ഗത്തിന്നും, നടൻവാഹനങ്ങളുടെയും മററും ആവശ്യത്തിന്നും വേണ്ടുന്ന ഇരുമ്പു അവർക്കു കിട്ടുവാനുള്ള ഏർപ്പാടു ഗവർമ്മേണ്ടു ചെയ്തിരിക്കുന്നു. ഇരുമ്പിനാവശ്യമുണ്ടോ, ഉണ്ടെങ്കിൽ കൃഷിക്കാർ അവരവരുടെ പ്രദേശത്തുള്ള കൃഷി ഡിപ്പാർട്ട്മെന്റ് ഡിമോൺസ്ട്രേററരോടപേക്ഷിച്ചാൽ മതി. അല്ലാത്തപക്ഷം, ഡിപ്യൂട്ടി കൺട്രോളർ ഓഫ് സപ്ലൈസ് എന്ന ഉദ്യോഗസ്ഥൻ അനുവദിച്ചതായ ഇരുമ്പു കച്ചവടക്കാരുടെ പക്കൽനിന്നും കിട്ടും. നമ്മുടെ ആവശ്യം ന്യായമായിട്ടുള്ളതാണെന്ന് ഒരു റവന്യൂ ഉദ്യോഗസ്ഥനൊ ഗസാറഡ് ആഫീസറൊ സമ്മതിച്ചാൽ മതി.

# റഷ്യാ – ജർമ്മൻ യുദ്ധം

## 218-ാമത്തെ ആഴ്ച

## 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ചു

## കഥാപംക്തി

# കൊടുങ്കാററ്

## ശാരദ

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു മാത്രം)

[ഈ കഥ കുറെ ദിവസം അപ്രതീക്ഷിതമായ സംഗതികളാൽ നിർത്തിവെക്കേണ്ടിവന്നു. എന്നാൽ ഇപ്പോൾ പൂർത്തിയാക്കാൻ നിശ്ചയിച്ചതുകൊണ്ടു വായനക്കാരുടെ സൌകര്യത്തിന്നുവേണ്ടി ആദ്യ ഭാഗം മുതൽക്കു തന്നെ പ്രസിദ്ധപ്പെടുത്തുന്നു]

മാധവൻ ബി. എൽ. പരീക്ഷയിൽ പാസ്സാകുമെന്ന് ആരും വിചാരിച്ചിരുന്നില്ല. പക്ഷെ, തലയിലെഴുത്തിന്റെ യോഗ്യതകൊണ്ടോ, അതൊ സർവ്വകലാശാലകളിൽ സാധാരണയായി കുടികൊള്ളുന്ന സരസ്വതിയുടെ അന്തമില്ലായ്മകൊണ്ടോ, എന്തൊ, ഇപ്പരീക്ഷയിലെന്നല്ല, ഏതു പരീക്ഷകളിലും മാർക്കുവന്നാൽ മാധവന്നു ഒരു പ്രത്യേക സ്ഥാനമുണ്ട്; സ്കോളർഷിപ്പുണ്ട്; മെഡലുകളും മററു ബിരുദുകളും മാധവന്ന് കൊട്ടകൊട്ടയായിട്ടുണ്ട്.

പരീക്ഷ കഴിഞ്ഞു ഉടനെ മാധവന്നു നാട്ടിലേക്കു പോകാമായിരുന്നു; പതിവും അങ്ങിനെയാണ്. എന്നാൽ ഇത്തവണ യാതൊരു ബദ്ധപ്പാടും കണ്ടില്ല. പരീക്ഷ കഴിഞ്ഞുഉടനെ വരേണമെന്ന് അച്ഛന്റെ എഴുത്തുണ്ടായിരുന്നുവെങ്കിലും ഫലഭാഗം സൂക്ഷ്മമായി അറിഞ്ഞതിന്നുശേഷമെ വരുന്നുള്ളുവെന്നുപറഞ്ഞു മറുപടിഅയച്ച് സമാധാനിച്ചിരിക്കുകയാണ്.

രാമകൃഷ്ണൻ മാധവന്റെ ഒരു സഹപാഠിയാണ്. രാമകൃഷ്ണന്റെ അച്ഛൻ പെൻഷ്യൻ മുൻസീഫ് ഗോവിന്ദക്കുറുപ്പ് മാധവന്റെ വീട്ടിന്നു തൊട്ടവീട്ടിലാണ് താമസം. പെൻഷ്യൻ വാങ്ങിയതിന്നുശേഷം താടിവളർത്തി കാഷായവസ്ത്രവും ധരിച്ച് ജാതിമതവ്യത്യാസമൊന്നുമില്ലെന്നു പറഞ്ഞു ആത്മബോധിനി എന്നും പേരുള്ള ഒരു സമാജത്തിന്റെ പ്രസിഡെണ്ടായി കാലംകഴിച്ചുകൂട്ടുകയാണ് മി. കുറുപ്പ്. കുറുപ്പിന്റെ മകൾ മാലതി ഇൻടർമീഡിയററ് പരീക്ഷക്കു പോയ കാലമാണ്. മാധവൻ എപ്പോഴും ഇവരുടെ വീട്ടിൽ ചായ കഴിക്കുവാൻ ചെല്ലുക പതിവായിരുന്നു. ഈ ചായക്കു നിരന്തര പലഹാരമായിട്ടുണ്ടായിരുന്ന മാലതിയുടെ കൊണ്ടാട്ടമായിരുന്നു മാധവന്നു ആകർഷണശക്തി.

മാലതി മിക്കവാറും ദിവസങ്ങളിൽ ഉച്ചതിരിഞ്ഞ് ചായ കഴിഞ്ഞാൽ തലവേറെടുത്തുകെട്ടേണ്ടതിന്നു വരാന്തയിൽ കയറി ഉലാത്തിക്കൊണ്ടിരിക്കും. ഒരു കൈകൊണ്ടു കേശഭാരം ചിക്കിക്കൊണ്ടിരിക്കുമ്പോൾ മറെറ കയ്യിൽ ഒരു പുസ്തകവുംപിടിച്ചു വായിച്ചുകൊണ്ടാണ് ഈ ദിനചര്യ. മാധവനും ആ സമയത്തു തന്റെ വസതിയുടെ മുകളിൽകയറി ജനവാതിലുകൾ തുറന്നുവെച്ചു വായനയുടെ തിരക്കാണ്. മാലതിക്കും മാധവന്നും അന്യോന്യം കാണ്മാനായി യാതൊരു തടസ്ഥവുമില്ലാതിരുന്നതിനാൽ മാധവന്റെ വായനയുടെ ഗൌരവം ഊഹിക്കാം.

മാലതിയും മാധവനും തമ്മിലുള്ള വിവാഹത്തെക്കുറിച്ചു യാതൊരു സംസാരവും ഉണ്ടായിട്ടില്ല. ഗോവിന്ദക്കുറുപ്പ് ഇതിനെപ്പററി പ്രസ്താവിക്കാതിരിപ്പാൻ കാരണമില്ലെന്നില്ല. കുറുപ്പിന്റെ സ്നേഹിതനായ ഒരു യുവാവു ഐ. സി. എസ്സ്. പരീക്ഷക്കു പോയിട്ടുണ്ട്. പററിയാൽ മകൾക്ക് ഒരു സിവിൽ സർവ്വീസ്സുകാരനെത്തന്നെ വേണമെന്നുണ്ട്. ഇല്ലെങ്കിൽ മാധവനുണ്ടുതാനും എന്നാണു പ്ലാൻ.

ഒരു ദിവസം ഉച്ചതിരിഞ്ഞു ചായസമയത്തു അത്യുത്സാഹത്തോടുകൂടിയുള്ള വാദപ്രതിവാദം നടക്കുന്നു. കുമാരന്നു പരീക്ഷയിൽ പാസ്സാവാൻ അതിസാമർത്ഥ്യമൊന്നുമില്ല. എന്നാൽ ചായകുടി, പന്തുകളി, സിനിമാ ഇതിലെല്ലാം കുമാരൻ മററു വിദ്യാർത്ഥികളെക്കാൾ മിടുക്കനാണ്. അതിനാൽ കുമാരനും പലപ്പോഴും ചായകുടിക്കാൻ മാലതിയുടെ വീട്ടിൽ വരാറുണ്ട്. പ്രസ്തുത ദിവസം ചായസമയത്തുണ്ടായ വാഗ്വാദം പുരുഷന്റെയും സ്ത്രീയുടേയും ബുദ്ധിചാതുര്യത്തിന്റെ വ്യത്യാസത്തെക്കുറിച്ചായിരുന്നു. പുരുഷന്റെ ബുദ്ധിയോളം ശക്തി സ്ത്രീയുടെ ബുദ്ധിക്കില്ലെന്നാണു കുമാരന്റെ വാദം.

മാലതിക്കു സമാധാനം പറയുവാൻ തോന്നായ്കയില്ല. പക്ഷെ ജ്യേഷ്ഠൻ രാമകൃഷ്ണനും കുമാരന്റെ അഭിപ്രായംതന്നെയാണ്. അതിനാൽ സ്ത്രീകളെ പിൻതാങ്ങുവാൻ മാധവൻ നിർബ്ബന്ധിതനായി. സ്വസ്ഥതയെല്ലാംവിട്ടു മാധവൻ ഒരു സ്ത്രീസ്തുതിയങ്ങോട്ടാരംഭിച്ചു.

വാഗ്വാദത്തിന്നിടയിൽ തന്റെ അച്ഛന്റെ കയ്യക്ഷരത്തിൽ ഒരു കത്തു മാധവന്റെ കയ്യിൽ ഒരു വാലിയക്കാരൻ കൊണ്ടുകൊടുത്തു. അച്ഛന്റെ കത്താണെന്നറിഞ്ഞപ്പോഴേക്കും മാധവന്നു വിയർത്തു. നാവു കുഴഞ്ഞു. അച്ഛൻ വീട്ടിൽ വന്നിരിക്കുന്നതിനാൽ തനിക്കു പോകാതെ കഴികയില്ലെന്നും പറഞ്ഞു മാധവൻ സഭയോടു മാപ്പ്ചോദിച്ചു.

"ഏട്ടൻ പോയി മാധവന്റെ അച്ഛനോടു ഇങ്ങട്ടു ചായ കഴിക്കുവാൻ ക്ഷണിക്കു." എന്നു മാലതി രാമകൃഷ്ണനോടു അഭിപ്രായപ്പെട്ടു. ഒന്നുംവേണ്ട; ഞാൻ അച്ഛന്റെ അരികത്തേക്കങ്ങോട്ടു തന്നെ വേഗം പോയ്ക്കളയാമെന്നു മാധവൻ സമാധാനവും പറഞ്ഞു പോയി.

കുമാരന്ന് കുറെ സമാധാനം തോന്നി. "കാരണോരക്കു ഇവിടെ വന്നാൽ എന്തെങ്കിലും കഴിക്കുന്നതിന്നു മടിയുണ്ടായേക്കാം. മൂപ്പർ ഇന്നും ശൌചത്തിന്നു ഒരു റാത്തൽ മണ്ണ് ഉപയോഗിക്കുന്ന യാഥാസ്ഥിതികനാണ്" എന്നായിരുന്നു കുമാരന്റെ അഭിപ്രായം. ഇതു ഗോവിന്ദക്കുറുപ്പിന്റെ ജാതിമതവ്യത്യാസമില്ലാത്ത പുതിയ ജീവിതരീതിയെ ചൂണ്ടിക്കൊണ്ടായിരുന്നു.

മാധവന്റെ അച്ഛൻ കോരു നായർ മകനെ കണ്ടു ഉടനെ: "നോക്ക് നാളെ രാവിലത്തെ വണ്ടിക്കു ഒന്നിച്ചു നാട്ടിലേക്കു പോണം, കുട്ടാ" എന്നാണു പറഞ്ഞത്.

മാധവൻ തലചൊറിഞ്ഞുകൊണ്ട്: "എന്താ അച്ഛാ ഇത്ര അടിയന്തരം?"

കോരു നായർ: "വിശേഷിച്ചൊന്നുമില്ല."

എന്താണ് അച്ഛൻ ഇങ്ങിനെ ഒരു അറസ്റ്റ് വാറണ്ടുംകൊണ്ടു വന്നിരിക്കുന്നതെന്നറിവാൻ മാധവൻ മുഖംകൊണ്ടു ഒരന്വേഷണഭാവം അഭിനയിച്ചുവെങ്കിലും, അതിലും അധികം മകനെ ധരിപ്പിക്കേണ്ടാവശ്യമില്ലെന്നു കരുതി അച്ഛൻ ഒന്നും മിണ്ടാതെയിരുന്നു.

വൈകുന്നേരം കോഴിക്കോട്ടുള്ള തന്റെ ചില സ്നേഹിതന്മാരെ കാണ്മാൻ കോരു നായർ പുറത്തുപോയി. അപ്പോൾ മാധവൻ അച്ഛനു ഒരെഴുത്തെഴുതിവെച്ചുകളയാമെന്നു കരുതി എഴുതുവാനിരുന്നു. "പ്രിയപ്പെട്ട അച്ഛാ" എന്നെഴുതിക്കഴിഞ്ഞതിന്നുശേഷം പിന്നെ ഒന്നും എഴുതുവാൻ വരുന്നില്ല. താൻ മാലതിയോട് ശരിയായി വാഗ്ദത്തം ചെയ്തിട്ടുണ്ടെന്നു പറവാൻ തരമില്ലെങ്കിലും അത്രത്തോളമൊക്കെ ഉറപ്പു കൊടുത്തിട്ടുണ്ടെന്നും അതു ഇനി അച്ഛനിൽനിന്നു മറച്ചുവെക്കുവാൻ തരമില്ലെന്നും മററും പല പ്രാവശ്യവും ആത്മഗതം ചെയ്തുവെങ്കിലും അതെഴുതിയാൽ മാത്രം ശരിയാകുന്നില്ല. അനവധി പകർപ്പുകൾ ഉണ്ടാക്കി. അസ്സലെഴുതുവാൻ കാലത്തേക്കു അതൊന്നും ശരിയാകാതെ അവയെയെല്ലാം ചീന്തിക്കളയേണ്ടിവന്നു.

കോരു നായർ അത്താഴം കഴിഞ്ഞു സുഖമായി കിടന്നുറങ്ങി. മാധവൻ തന്റെ ശയനമുറിയിൽ കടന്നു വാതിൽ അകത്തു നിന്നടച്ചു. കിടന്നാലുണ്ടോ ഉറക്കംവരുന്നു! മാലതിയുടെ ഗൃഹത്തിലേക്കു നോക്കിയുംകൊണ്ടു മാധവൻ മുറിയിൽ നടന്നുകൊണ്ടിരുന്നു. പത്തുമണിക്കാണു കുമാരൻ ഇറങ്ങിപ്പോയത്. പത്തരമണിക്കു പടിവാതിൽ അടച്ചു. പതിനൊന്നു മണിക്കു ഗോവിന്ദക്കുറുപ്പിന്റെ വീട്ടിലെ വിളക്കുകളെല്ലാം കെട്ടു ഗൃഹം മുഴുവൻ നിദ്രയെ പ്രാപിച്ചു.

പിറേറന്നു രാവിലത്തെ വണ്ടിക്കു മാധവൻ കോഴിക്കോട്ടുനിന്നു പോകേണ്ടിവന്നു. മകന്റെ വണ്ടി തെററാതിരിക്കാൻ കോരു നായർ വേണ്ടത്ര നിവൃത്തിമാർഗ്ഗങ്ങൾ ചെയ്തുവെച്ചിരുന്നു.

### II

വീട്ടിൽ എത്തിയപ്പോഴാണു തന്റെ വിവാഹം നിശ്ചയിച്ച് മുഹൂർത്തം കുറിച്ചിരിക്കുന്നുവെന്നു മാധവന്നു മനസ്സിലായത്. കോരു നായർക്കു ഒരു കാലത്തു വളരെ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടതായിരുന്നു. ആ വക കഷ്ടപ്പാടുകളിൽനിന്നെല്ലാം രക്ഷപ്പെട്ടു പിന്നീടു നല്ലതായ ഒരു സ്ഥിതിയിൽ വരുവാൻ അദ്ദേഹത്തെ സഹായിച്ചത് തന്റെ ബാല്യത്തിലെ ആത്മമിത്രമായിരുന്ന വക്കീൽ രാമൻ നായരായിരുന്നു. രാമൻ നായർ വയസ്സാവുന്നതിന്നു മുമ്പുതന്നെ മരിച്ചുപോയി. മരണശേഷം നോക്കുമ്പോൾ അദ്ദേഹത്തിന്നു കടമല്ലാതെയൊന്നും ഉണ്ടായിരുന്നില്ല. അതിനാൽ രാമൻ നായരുടെ ഭാര്യയും ഏകസന്താനമായ ഒരു മകളും അനാഥസ്ഥിതിയിലായി. ഈ മകൾക്കു വിവാഹകാലം വന്നപ്പോൾ അവളെയാണ് മാധവന്നു ഭാര്യയായി കോരു നായർ നിശ്ചയിച്ചത്. മാധവന്റെ ബന്ധുക്കൾ പലരും

ഈ വിവാഹം നന്നല്ലാ, പെണ്ണ് കാണാൻ കൊള്ളില്ലാ, എന്നും മററും ശഠിച്ചിട്ടുണ്ടായിരുന്നുവെങ്കിലും കോരു നായർ അതിന്നൊന്നും വഴിപ്പെട്ടില്ല. "നിങ്ങളെന്താണ് കൂട്ടരെ പെണ്ണ് കണ്ടാൽ നന്നല്ലെന്നും മററും പറയുന്നത് ? നോട്ടംകൊണ്ടു മാത്രം നല്ലതൊ ചീത്തയോയെന്നു തീർച്ചയാകാൻ പെണ്ണെന്താ വല്ല പൂവ്വൊ മറേറാ ആണോ? ഒരു ഭാര്യയുടെ നിലയിൽ അവളുടെ അമ്മക്കുണ്ടായിരുന്ന ഗുണങ്ങൾ മകൾക്കുണ്ടെങ്കിൽ മാധവൻ ഭാഗ്യവാനാണെന്നാണ് ഞാൻ പറയുക" എന്നായിരുന്നു കോരുനായരുടെ സമാധാനം.

വിവാഹത്തിനെപ്പററിയുള്ള സംസാരം വർദ്ധിച്ചുവന്നതോടുകൂടി മാധവൻ അത്യന്തം വ്യാകുലചിത്തനായി. അതിൽനിന്നൊഴിഞ്ഞു കിട്ടുവാൻ പലേ മാർഗ്ഗങ്ങളും ആലോചിച്ചിട്ടും അതൊന്നും ഫലിച്ചില്ല. ഒടുവിൽ അച്ഛനോടു നേരിട്ടു പറയുവാൻ തീർച്ചയാക്കി.

മാധവൻ : "അച്ഛാ, ഈ പെണ്ണിനെ കല്യാണം കഴിപ്പാൻ എന്നെ കൊണ്ടാവുകയില്ല. ഞാൻ വേറൊരു യുവതിക്കു എന്റെ വാക്കു കൊടുത്തിരിക്കുന്നു."

കോരു നായർ : "അതൊന്നും എന്നോടു പറയണ്ടാ. അച്ചാരം വെച്ചിട്ടൊന്നുമില്ലല്ലൊ ?

മാധവൻ : "അച്ചാരമൊന്നുമില്ല. എന്നാലും—"

കോരു നായർ : "പെണ്ണിന്റെ സ്വജനങ്ങളോടു അതിനെപ്പററി പറഞ്ഞിരിക്കുന്നുവോ ? എല്ലാം തീർച്ചപ്പെടുത്തിയിരിക്കുന്നുവോ ?"

മാധവൻ : "വിവാഹത്തെപ്പററി തുറന്നു പറഞ്ഞിട്ടില്ല. പക്ഷെ—"

കോരു നായർ : "ഓ, പറഞ്ഞിട്ടും ഉറച്ചിട്ടുമൊന്നുമില്ലല്ലൊ; ഇനി പറയാനും ഉറക്കാനും പോകേണ്ടെന്നു വെച്ചേക്കു."

കുറെനേരം മിണ്ടാതിരുന്ന പിന്നേയും മാധവൻ പറഞ്ഞു : "ഞാൻ വേറൊരുത്തിയെ കല്യാണം ചെയ്യുന്നതു വളരെ അധർമ്മമായിരിക്കും."

കോരു നായർ : "ഞാൻ നിണക്കായി നിശ്ചയിച്ച പെണ്ണിനെ വിവാഹം ചെയ്യാഞ്ഞാൽ അതു അതിലേറെ അധർമ്മമാണ്."

മാധവന്നു പിന്നെയൊന്നും പറവാനുണ്ടായില്ല. വല്ല സംഗതി വശാലും വിവാഹം മുടങ്ങിയേക്കാമെന്നു മാത്രമെ ഒരു സമാധാനം മാധവന്നു ശേഷിച്ചുള്ളു. ജോത്സ്യന്മാരുടെ അഭിപ്രായപ്രകാരം നിശ്ചയിച്ച മുഹൂർത്തം തെററിയാൽ പിന്നെ അക്കൊല്ലം മുഴുവൻ വിവാഹമുഹൂർത്തമില്ലെന്നായിരുന്നു. ഈയൊരു മുഹൂർത്തം എങ്ങിനെയെങ്കിലും തെററിച്ചാൽ പിന്നെ കുറെകാലത്തിന്നൊന്നും പേടിക്കാനില്ലല്ലൊ എന്നായിരുന്നു മാധവന്റെ വിചാരം.

വിവാഹത്തിന്നുള്ള പെണ്ണിന്റെ അധിവാസദേശം കുറെ ദൂരെയായിരുന്നു. തോണി വഴിക്കെ അങ്ങോട്ടു പോകാൻ നിവൃത്തിയുമുള്ളു. എത്ര കുറുക്കുവഴിക്കു പോയാലും മൂന്നു ദിവസം തോണിയാത്ര കൂടാതെ കഴികയില്ല. മാർഗ്ഗവിഘ്നങ്ങൾക്കെല്ലാം വേണ്ടപോലെ സമയം കരുതി വിവാഹദിവസത്തിന്നൊരാഴ്ച മുമ്പുതന്നെ കോരു നായരും കല്യാണ സംഘവും പുറപ്പെട്ടു. പുറപ്പാടിന്നും പണിക്കരെക്കൊണ്ടു മുഹൂർത്തവും മററും നോക്കിച്ചിട്ടുണ്ടായിരുന്നു. വെള്ളത്തക്കവും കാററിന്റെ തക്കവും മററും എത്രയും അനുകൂലമായിട്ടുണ്ടായിരുന്നതിനാൽ വിചാരിച്ചതിലും കുറെ മുമ്പുതന്നെ തുറമുഖത്തെത്തി... ചെന്നെത്തി. വിവാഹത്തിന്നു പിന്നേയും നാലു ദിവസമുണ്ട്. നേരത്തെ എത്തിച്ചേരുവാൻ കോരു നായൎക്കു ഇനിയൊരാവശ്യം കൂടിയുണ്ടായിരുന്നു. മകന്റെ ഭാര്യയാകാൻപോകുന്ന പെണ്ണിന്റെ അമ്മ വളരെ കഷ്ടപ്പാടിലാണ്. അവരെ തുറമുഖത്തിൽനിന്നു തന്റെ സ്വദേശത്തു കൊണ്ടുപോയി താമസിപ്പിച്ചു സുഖസൌകര്യത്തോടുകൂടിയിരുത്തേണമെന്നായിരുന്നു കോരു നായരുടെ ആവശ്യം. ഇതു് തന്നെ ഒരു കാലത്തു കഷ്ടപ്പാടിൽനിന്നു രക്ഷിച്ച വക്കീലിനോടുള്ള കടമയായിട്ടാണ് കോരു നായർ കരുതിയിരുന്നതു്. ബന്ധുത്വമൊന്നുമില്ലാത്ത ഘട്ടത്തിൽ ഇങ്ങിനെയൊരു സംഗതി ആ സ്ത്രീയോടു തുറന്നുപറവാൻ കോരു നായൎക്കു നന്നെ മടിയുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ നടക്കുവാൻപോകുന്ന വിവാഹബന്ധം നിമിത്തം കോരു നായരുടെ ഇഷ്ടസാദ്ധ്യം വരുത്തുന്നതിന്നു വിരോധമില്ലെന്നു ആ സ്ത്രീ സമ്മതിച്ചു.

പാറു അമ്മ : "എനിക്കിനി ആരാള്ളതു്, കോരപ്പാരെ ? എന്റെ ഈ പെണ്ണ് മാത്രല്ലെള്ളു. അവളെള സമ്മന്തക്കാരൻ എന്റെ മകനല്ലെ ? ആ മകനൊട്ടമ്മേല്ല്യ. അമ്മേടെ സ്ഥാനത്തു നിഞ്ഞാനല്ലാണ്ടെ ആരാണ് വരാൻ ? ആളേള് എന്തെങ്കിലും പറഞ്ഞോട്ടെ; ന്റെ വയസ്സ് കാലത്ത് ന്റെ മകളെളം അവളെള നായരടെം കൂടെ ആണ് ഞാൻ ഇരിക്കാൻ വിചാരിച്ചിരിക്കണ്."

അതിനാൽ വിവാഹത്തിന്നു മുമ്പുണ്ടായിരുന്ന ദിവസങ്ങളെല്ലാം പാറു അമ്മയുടെ പുതിയ ഗൃഹപ്രവേശത്തിന്നുള്ള ഒരുക്കങ്ങളായി കഴിച്ചുകൂട്ടി. വീട്ടുസാമാനങ്ങളെല്ലാം പെട്ടികളിലും ചാക്കിലുമാക്കി കെട്ടി, കട്ടിൽ, കിടക്ക മുതൽ ഉരല്, ഉലക്കവരെയുള്ള സാമാനങ്ങളെല്ലാം കാരണോരോരോന്നായി യാത്രക്കു നിശ്ചയിച്ച തോണികളിൽ കൊണ്ടുവന്നു നിറച്ചു. സാമാനങ്ങൾക്കു മാത്രം ഒരു തോണി; വീട്ടിൽനിന്നു വിവാഹത്തിന്നുവന്ന സ്ത്രീകൾക്കു മാത്രം ഒരു തോണി; വരനും വധുവിന്നും കൂടി ഒരു തോണി; കോരു നായൎക്കും പാറു അമ്മക്കും കൂടി ഒരു തോണി; ഇങ്ങിനെ മൂന്നുനാലു തോണികൾ വാടകക്കെടുത്തിട്ടുണ്ടായിരുന്നു.

വിവാഹം മുഹൂർത്തം തെററാതെ നടന്നു. മാധവൻ അന്നു ക്ഷൌരം ചെയ്യിച്ചില്ല; കുളിച്ചില്ല; നല്ല വസ്ത്രം ധരിച്ചില്ല; പെണ്ണിന്റെ കഴുത്തിലിടുവാൻ തയ്യാറാക്കിവെച്ച മാല ഇട്ടില്ല. മുഖവും വീർപ്പിച്ച് ദിവസം കഴിച്ചുകൂട്ടി. രാത്രി പോയി കിടന്നപ്പോൾ ചുമരിന്നഭിമുഖമായി തിരിഞ്ഞു കിടന്നുറങ്ങുകയും ചെയ്തു പ്രകാശത്തിന്നു ശയനമുറിയിൽനിന്നു പുറത്തിറങ്ങി.

പിറേറന്ന് എല്ലാവരും കൂടി തോണിക്കു പുറപ്പെട്ടു. പകൽ അത്യുഷ്ണമായിരുന്നു. കാററ് തീരെയുണ്ടായിരുന്നില്ല. തോണിക്കാർ തോണി കുത്തി വിയൎത്തങ്ങിനെയൊലിച്ചു. നേരം സന്ധ്യയാകാറായി.

തോണിക്കാരൻ : "തമ്പ്രാനെ, മഞ്ചി ത്രിബടെ കെട്ടാം. ചേററുവായ പൊഴേലക്ക് ഏറങ്ങായി. നിബ്ഡിന്നങ്ങട് കുറെ നേരത്തിന്നു എവിടെ കെട്ടാനും സൌകര്യല്ല."

കോരു നായർ : "ഇവിടെ കെട്ടേണ്ടാ. ഇന്ന് പത്തു നാഴിക നിലാവുണ്ട്. നോക്കു കൂട്ട്ങ്ങ്ളെക്കൊണ്ടു എത്തിക്കളയാം. ഒന്നു മനസ്സിരുത്തി കുത്തിയാൽ മതി. ഞാൻ അതിന്നു പ്രത്യേകം വല്ലതും തരണ്ട്."

വഞ്ചികൾ ചേററുവായ പുഴയിലെക്കിറങ്ങി. ചന്ദ്രൻ ഒരു വരണ്ട പ്രകാശത്തോടുകൂടി ഉദിച്ചു പൊങ്ങി. പെട്ടെന്നു പടിഞ്ഞാറു നിന്നു കാറു് പൊങ്ങി. കാററ് വീശുവാൻ ആരംഭിച്ചു. പ്രകൃതിയുടെ സമ്പ്രദായം തീരെ മാറി. നക്ഷത്രനാഥൻ ഇരുളടഞ്ഞു. മഞ്ചികൾ കീഴ്മേൽ മറിയുവാൻ തുടങ്ങി.

തോണിക്കാർ : "തമ്പ്രാനെ, പററിച്ചൊലോ."

ഒരു മണിക്കൂർ കൊണ്ടു കാററും മഴയും നിലച്ചു. നാലു തോണികളും അതിലെ ആളുകളും എവിടെയാണെന്നറിയുന്നില്ല.

## III

കാററും മഴയും ഒഴിച്ചു കാർമേഘംകൊണ്ടു ഇരുട്ടടച്ചിരുന്ന ആകാശം തെളിഞ്ഞു. പാലൊളികൊള്ളുന്ന ചന്ദ്രകാന്തിയിൽ ലോകം ശാന്തിയെ പ്രാപിച്ചു. പുഴയിൽ ഓരൊററ തോണിയെങ്കിലും കാണുന്നില്ല. ഓളങ്ങൾ തള്ളി പുളിനം പിളൎത്തിരുന്ന കാളിന്ദിയും നിശ്ചലന ശാന്തതയെ പ്രവേശിച്ചു. അതിഘോരമായ ഒരു ശ്വാസം വലിയും പരാക്രമം അടിപ്പിക്കുന്ന ക്ലേശവും അവസാനിച്ച്, മരണശാന്തിയെയടഞ്ഞ ഒരു ജീവിയുടെ പ്രകൃതി പുഴക്കും പുളിനത്തിന്നും ഒരുപോലെ പ്രതിഫലിച്ചു.

മാധവന്നു ബോധം വന്നെഴുന്നേററപ്പോൾ ഒരു മണൽത്തിട്ടിന്മേൽ കിടക്കുന്നതായിട്ടാണ് തന്റെ സ്ഥിതി കണ്ടതു്. കിടന്നേടത്തു തന്നെ കിടന്ന് കുറെനേരം ആലോചിച്ചതിന്നുശേഷമേ തനിക്കുവന്ന ആപത്തുകളെപ്പററി ഓർമ്മവന്നുള്ളു. സ്വപ്നപ്രായമായ ഈ ഓർമ്മയിൽ ഒന്ന് ഞെട്ടി മാധവൻ പെട്ടെന്നെഴുന്നേററു. അച്ഛനും അച്ഛന്റെ കൂടെയുള്ളവൎക്കും എന്തു സംഭവിച്ചുവെന്നറിവാനായിരുന്നു ആദ്യം മാധവന്നു് തോന്നിയതു്. തന്റെ നാലുപാടും എത്രതന്നെ നോക്കീട്ടും അവിടങ്ങളിൽ ജീവജാലങ്ങൾ ഉള്ളതായി തോന്നിയില്ല. വെള്ളത്തിന്റെ വക്കത്തുകൂടിതന്നെ കുറെനേരം നടന്നു തിരഞ്ഞു. മാധവൻ കിടന്നിരുന്നതു ഒരു തുരുത്തിന്മേലാണ്. തുരുത്തിന്റെ ഒരു ഭാഗം മുഴുവൻ നടന്നു മറെറ ഭാഗത്തേക്കു തിരിഞ്ഞു രണ്ടുനാലടി നടന്നപ്പോഴേക്കും അല്പം ദൂരത്തായി ഒരു സ്വരൂപത്തിന്റെ കരുവിന്നെ മാധവന്ന് കാണാറായി. മാധവൻ നടത്തത്തിന്റെ ഗതിയൊന്ന് മുറുക്കി അടുത്തുചെന്നു നോക്കിയപ്പോൾ അതൊരു യുവതിയാണെന്നു മനസ്സിലായി. വിവാഹാഡംബരങ്ങളാൽ അലംകൃതയായ ഈ യുവതി മരിച്ചപോലെയാണ് ആദ്യം തോന്നിയതു്.

മാധവൻ കോളേജിൽ വായിക്കുന്ന കാലത്തു് എ. ആർ. പി. സംഘത്തിൽ ചേർന്നു പലേതരത്തിലുള്ള രക്ഷാനിവൃത്തിമാർഗ്ഗങ്ങളെപ്പററിയും പഠിച്ചിട്ടുണ്ടായിരുന്നതിനാൽ വെള്ളത്തിൽ മുങ്ങിച്ചാവാൻ പോകുന്നവരെ രക്ഷിക്കുവാനുള്ള മാർഗ്ഗങ്ങൾ വേണ്ടപോലെ അറിഞ്ഞിരുന്നു. ഈ വിദ്യകളെല്ലാം നിശ്ചേഷ്ടമായി കിടക്കുന്ന യുവതിയുടെ മേൽ പ്രയോഗിച്ചു. ഭാഗ്യവശാൽ അവൾക്കു ശ്വാസകോശങ്ങൾ തുറന്നു വായുവിന്നു ഗതികിട്ടി. കണ്ണുകൾ തുറന്നു. അപ്പോഴേക്കും മാധവൻ തീരെ തളർന്നു. കുറെ നേരത്തിന്ന് അവളോടു യാതൊരു വൎത്തമാനങ്ങളും ചോദിച്ചറിവാനുള്ള കെല്പുംകൂടിയുണ്ടായില്ല. അവൾക്കാവട്ടെ, ശ്വാസത്തിന്റെ ഗതിയെല്ലാം കിട്ടി കണ്ണുകൾ തുറന്നുവെങ്കിലും ക്ഷീണംകൊണ്ടു രണ്ടാമതും മിഴികളടഞ്ഞു. പക്ഷെ അവൾ മരിച്ചിട്ടില്ലെന്ന് മാധവന്നു ബോദ്ധ്യം വന്നതിനാൽ ചന്ദ്രികയുടെ വെളിച്ചത്തിൽ അവളെ നോക്കിക്കൊണ്ടുതന്നെ കുറെനേരം ഇരുന്നു. ആദ്യമായി അന്യോന്യമുണ്ടായ അവരുടെ കാഴ്ച ഒരസാധാരണ പരിസരങ്ങൾക്കിടയിലാണ്. വിജനപ്രദേശത്തുവെച്ചാണെന്നു മാത്രമല്ല, ജനനമരണത്തിന്ന് മദ്ധ്യത്തിലെന്നപോലെ ഭൂമിക്കും വെള്ളത്തിന്നും ഇടയിലായിട്ടുമായിരുന്നു.

നാണിക്കുട്ടി സുന്ദരിയല്ലെന്നു പറഞ്ഞതാരാണ്? കൌമുദിയും സുകുമാരതയിൽ പ്രകാശിക്കുന്നതായ പ്രകൃതിയും, നക്ഷത്രമണ്ഡലംകൊണ്ടു് ശോഭിക്കുന്നതായ ആകാശവും എല്ലാം ഉറങ്ങിക്കിടക്കുന്ന ഈ മനോഹരിയുടെ മുഖബിംബത്തിന്നുള്ള വെറും ഒരു രംഗമായിട്ടാണ് മാധവന്നു തോന്നിയതു്.

മാധവൻ മററു് സർവ്വസംഗതികളും മറന്നു കഴിഞ്ഞു. "വിവാഹസന്ദർഭത്തിലുണ്ടായിരുന്ന തിരക്കിന്നിടയിൽകൂടി ഇവളെ ഞാൻ കാണാത്തതു എത്ര നന്നായി! ഇപ്പോൾ ഞാൻ കാണുന്നപോലെ കാൺമാനുള്ള സൌകൎയ്യം അപ്പോൾ ഒരിക്കലും ഉണ്ടാകാൻ വഴിയില്ലായിരുന്നു. മരണത്തിൽനിന്ന് രക്ഷിക്കുവാൻ കഴിഞ്ഞ എനിക്കു തന്മൂലം അവളുടെമേൽ ഉണ്ടാകാനിടവന്ന അവകാശത്തിന്നു തുല്യമായി വേറെ വല്ല അവകാശവുമുണ്ടോ? വിവാഹത്തിന്ന് മാല ഇട്ടില്ലെങ്കിലെന്താണ്? അതുകൊണ്ടെന്തവകാശമാണ് സിദ്ധിക്കാൻ പോകുന്നതു്? നാലാളുടെ സഭയിൽവെച്ചു മാലയിട്ടാൽ അവൾ എന്റേതാണെന്ന് ലോകം ധരിക്കുമെന്നല്ലാതെ അതുകൊണ്ടു് ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന്ന് വല്ല മുറുക്കവും വരുവാൻ വഴിയുണ്ടോ? ഇപ്പോഴൊ? ജഗദീശ്വരന്റെ പ്രേമപൂരമായ തൃക്കൈകൾകൊണ്ടു് അവളെ എന്റെ കൈവശം ഏല്പിച്ചപോലെയിരിക്കുന്നു."

അതേവരെ കണ്ണടച്ചു കിടന്നിരുന്ന ആ യുവതിക്കു പൂർണ്ണബോധം വന്ന് എഴുന്നേററു. ഉടുത്തതെല്ലാം ഒന്നു നേരെയാക്കി മുഖകമലം താഴ്ത്തിക്കൊണ്ടിരുന്നു.

"നിന്റെ തോണിയിലുണ്ടായിരുന്ന മററുള്ളവരുടെ സ്ഥിതിയെന്താണെന്ന് വല്ല വിവരവും ഉണ്ടോ?" എന്നു മാധവൻ ചോദിച്ചു.

സമാധാനമൊന്നും പറയാതെ അവൾ തലകുലുക്കി.

"നിന്നെ കുറച്ചുനേരം ഇവിടെ ഇരുത്തി ഞാൻ പോയി അവരെയൊന്ന് തിരഞ്ഞുനോക്കട്ടെ", എന്നു മാധവൻ ചോദിച്ചു. അവൾ യാതൊന്നും സമാധാനം പറഞ്ഞില്ലെങ്കിലും ഭയവിഹ്വലയായ അവളുടെ ഭാവഭേദംകൊണ്ടു് "എന്നെ ഇവിടെ തന്നെ വിട്ടുപോകല്ലെ" എന്നു വ്യക്തമായി പറയുന്നപോലെ തോന്നി.

മാധവന്നു അവളുടെ ഭാവം മനസ്സിലായി. എണീററുനിന്ന് നാലുപാടും കുറെനേരം നോക്കി. ചന്ദ്രികയിൽ തിളങ്ങിയിരുന്ന മണലല്ലാതെ മറെറാന്നും കാൺമാനില്ലായിരുന്നു. തന്റെ സ്നേഹിതന്മാരെ ഓരോരുത്തരേയും പേരുപറഞ്ഞു് ഉറക്കെ വിളിച്ചുനോക്കി. ഒരു മറുപടിയും ഉണ്ടായില്ല.

തന്റെ പരിശ്രമങ്ങളെല്ലാം നിഷ്ഫലമാണെന്നുകണ്ടു് മാധവൻ അവിടെത്തന്നെയിരുന്നു. ആ യുവതിയാകട്ടെ, അവളുടെ മുഖം രണ്ടു കൈകൊണ്ടും പൊത്തി കണ്ണുനീർ ഒതുക്കുവാൻ ശ്രമിക്കയായിരുന്നുവെങ്കിലും ഉദരം കലശലായി ഉയരുകയും താഴുകയും ചെയ്തിരുന്നതിനാൽ അവൾ കരയുകയാണെന്ന് മാധവന്ന് മനസ്സിലായി. സാന്ത്വനവാക്കുകൊണ്ടുമാത്രം അവൾക്കു സമാധാനമാകയില്ലെന്ന് മാധവന്നു മനസ്സിലായി. അരികത്തിരുന്നു താഴ്ത്തിയിരിക്കുന്ന അവളുടെ തലയിലും കഴുത്തിലും മെല്ലെ മെല്ലെ തലോടി. ഇത്രയുമായപ്പോഴേക്ക് അവൾക്ക് കണ്ണുനീർ ഒതുക്കുവാൻ വയ്യാതായി പൊട്ടിക്കരഞ്ഞു തുടങ്ങി. മാധവനും അനുകമ്പാഭരിതനായി കണ്ണുനീർ വാൎത്തു.

ഇരുവരുടേയും ഹൃദയഭാരം കരഞ്ഞു കഴിഞ്ഞപ്പൊഴേക്കും ചന്ദ്രനസ്തമിച്ചു. കൂരിരുട്ടിന്റെ കറുപ്പിൽ ആ മണൽപുറം ഒരു പിശാചിന്റെ നടനരംഗംപോലെ തോന്നി. മാധവൻ ഈ യുവതിയുടെ കരപല്ലവങ്ങളെ അവന്റെ കൈകൾകൊണ്ടു താങ്ങി. ഭയവിഹ്വലയായ അവളുടെ കൈകൾ തണുത്തു് വിറങ്ങലിച്ചിരുന്നു. അവളെ വളരെ സാവധാനത്തിൽ അവന്റെ അരികത്തേക്കു പിടിച്ചിരുത്തി. യാതൊരു പിണക്കവും അവൾക്കുണ്ടായില്ല. ഭയംകൊണ്ടു സർവ്വചേഷ്ടയുംവിട്ടു മനുഷ്യസഹവാസത്തിന്നുള്ള ആഗ്രഹം മാത്രമേ അവൾക്കുണ്ടായിരുന്നുള്ളു. അതിഗംഭീരമായ കൂരിരുട്ടിൽ അവൾ അത്യാഗ്രഹിച്ചിരുന്നതായ രക്ഷ അവൾക്ക് തുടിച്ചിരുന്ന മാധവന്റെ മാർവിടത്തിൽ കിട്ടി. ലജ്ജിക്കുവാനുള്ള സന്ദർഭമല്ലായിരുന്നു അതു്. അതിനാൽ അവളുടെ കഴുത്തിൽകൂടി കിട്ടിയ മാധവന്റെ ബാഹുബന്ധനത്തിൽ അവൾ സധൈൎയ്യം രക്ഷ പ്രാപിച്ചു.

നേരം പ്രകാശമായി. അരുണസുന്ദരമായ സൂൎയ്യദേവൻ പൂർവ്വഭാഗത്തു വന്നെത്തി. മാധവൻ ഗാഢനിദ്രയിൽ കിടക്കുന്നു. അവന്റെ കയ്യിനെ തലയണയാക്കി അരികത്തു് ആ വധൂരത്നവും കിടന്നുറങ്ങുന്നുണ്ടു്. ശാന്തമായ സൂൎയ്യരശ്മികൾ കണ്ണിൽ തട്ടി അവർ രണ്ടാളും എഴുന്നേററു. അല്പനേരം പരിഭ്രമത്തിൽ നാലുപുറവും നോക്കി. രണ്ടുപേരും തത്സമയം അനാഥകളാണെന്നും, തങ്ങളുടെ ഗൃഹം എങ്ങാണ്ടോ കിടക്കുന്നുവെന്നും അവൎക്കു ഓൎമ്മവന്നു.

IV

സൂൎയ്യോദയത്തോടുകൂടി പുഴയിൽ തോണികൾ നിറഞ്ഞു. വഴിയാത്ര വഞ്ചികൾ ഒരുവക; മത്സ്യം പിടിക്കുന്ന തോണികൾ വേറൊരുവക; ചരക്കുവഞ്ചികൾ മറെറാരുവക; എന്തിനേറെപ്പറയുന്നു, പുഴ നിറഞ്ഞു. ഇതിൽ ഒരു വഞ്ചി കുട്ടികളെ കൊണ്ടുപോയി സാമാനങ്ങൾ ഇറക്കി തൃപ്രയാററക്ക് മടങ്ങുകയായിരുന്നു. അതിനെ വിളിച്ചുവരുത്തി കൂലിപറഞ്ഞു നിശ്ചയിച്ച് മാധവൻ വീട്ടിലേക്കു യാത്രയായി. പുറപ്പെടുന്നതിന്നു മുമ്പ് അടുത്ത പോലീസ്സു സ്റ്റേഷനിൽ പോയി തലേദിവസം ഉണ്ടായ അപകടത്തിനെപ്പററി റിപ്പോർട്ട് ചെയ്യുകയും, തന്റെ കൂടെയുണ്ടായിരുന്നവരെപററിയന്വേഷിപ്പാനേർപ്പാടു ചെയ്കയും ചെയ്തു.

തിരൂർ തോണിക്കടവത്തു എത്തിയപ്പോഴേക്കും പോലീസ്സ് അന്വേഷണംകൊണ്ടു തന്റെ അച്ഛന്റെയും, ഭാൎയ്യയുടെ അമ്മയുടെയും മററു പലരുടേയും ശവം കണ്ടുകിട്ടിയതായി മാധവന്ന് വിവരം കിട്ടി. തോണിക്കാരിൽ ചിലരാരൊ രക്ഷിച്ചുവെന്നല്ലാതെ മറെറല്ലാവരും മരിച്ചുവെന്നായിരുന്നു വൎത്തമാനം.

മാധവന്റെ മുത്തശ്ശി മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളു. പ്രായാധിക്യംകൊണ്ടു അവരെ വിവാഹത്തിന്നു കൊണ്ടുപോകാൻ സാധിച്ചിരുന്നില്ല. മാധവനും ഭാൎയ്യയും മാത്രം വീട്ടിലേക്കു വന്നുകയറി മുത്തശ്ശിയോടു വൎത്തമാനമെല്ലാം പറഞ്ഞപ്പോൾ പിന്നെ അവിടെയുണ്ടായ മുറവിളിക്കു യാതൊരു കയ്യുംകണക്കുമില്ല. വിവാഹം കഴിഞ്ഞു വീട്ടിലേക്കു മടങ്ങിവന്നപ്പോളുണ്ടായ എതിരേല്പൂൽ വളരെ വിശേഷമായി. ആ വീട്ടിൽ മാത്രമാണോ ഈ വ്യസനഘട്ടം അഭിനയിച്ചതു്? മാധവന്റെ വിവാഹത്തിന്നു അവിടങ്ങളിൽനിന്നു പോയിട്ടുള്ള സ്നേഹിതന്മാരുടെയും ബന്ധുക്കളുടെയും വീട്ടിലെല്ലാം ഇതുതന്നെ ഗതി. ഇത്ര അശുഭമായ ഒരു എതിരേല്പൂൽ മറെറാരു വധൂവരന്മാൎക്കും ലോകത്തിൽ ഉണ്ടായിരിക്കയില്ല. ഒരാളെങ്കിലും വധുവിനെ കാണ്മാൻ വരികയാകട്ടെ അവളെ വിരുന്നിന്നു ക്ഷണിക്കയാകട്ടെ ഉണ്ടായില്ല. നേരെ മറിച്ചു അവളെ കണ്ടാൽ ആളുകൾ മാറിപോവുകയായിരുന്നു പതിവു്.

പിണ്ഡാടിയന്തരങ്ങളെല്ലാം കഴിഞ്ഞാൽ മററു വല്ല ദിക്കിലും പോയി താമസം തുടങ്ങേണമെന്നായിരുന്നു മാധവന്റെ വിചാരം. പക്ഷേ, തറവാട്ടുകാൎയ്യങ്ങൾ ഒരു വിധം നന്നാക്കിതീൎക്കാതെ വിട്ടുപോകാനും നിവൃത്തിയില്ലായിരുന്നു. തന്റെ തറവാട്ടിലും ബന്ധുഗൃഹങ്ങളിലുമുള്ള സ്ത്രീകളെല്ലാം രാമേശ്വരത്തുപോയി അഷ്ടഗയാശ്രാദ്ധം ഊട്ടിവരേണമെന്നു ആവശ്യപ്പെടുവാൻ തുടങ്ങി. ഇതിന്നും വേണ്ട ഒരുക്കങ്ങളെല്ലാം മാധവൻ ചെയ്യേണ്ടിവന്നു.

ഈ വക പ്രാരബ്ധങ്ങളിൽനിന്നു അല്പം വിശ്രമം കിട്ടുന്ന ഘട്ടങ്ങളിലൊന്നും മാധവൻ പ്രേമബന്ധം മറന്നിരുന്നില്ല. കേട്ടമാതിരി തന്റെ വധു വെറും ഒരു കുട്ടിയൊന്നുമല്ലെന്ന് മാധവന്ന് തോന്നിതുടങ്ങി. പക്ഷേ, അടുത്തുള്ള പെണ്ണുങ്ങളൊക്കെ പരിഹസിക്കുവാനും തുടങ്ങി. "ഇതെന്തൊരു കഥയാണ്? ഈ പെണ്ണിനെ കണ്ടാൽ മാധവനും ഇവളുമായി വയസ്സുകൊണ്ടു ഒരു ചേൎച്ചയുമില്ലെല്ലൊ. ചെലവാകാതെ കിടന്നിരുന്ന ഒരു ചരക്കായിരിക്കാം. ഈ വിഡ്ഢി അതിനേയും കെട്ടിക്കൊണ്ടു പോന്നുവല്ലൊ; കഷ്ടം," എന്നും മററും ആളുകളുടെ ശകാരം മുഴുത്തു. എവിടെ നോക്കിയാലും ഉച്ചക്കു ഊണും കഴിഞ്ഞു വെറുതെ ഇരിക്കുമ്പോൾ സ്ത്രീകൾക്കു വെടിപറയുവാൻ ഈയൊരുവിഷയമേ ഉള്ളു. പക്ഷേ, ഇതെല്ലാം എന്തുകേട്ടാലും മാധവന്റെ ഹൃദയത്തിൽ അവളോടുള്ള പ്രേമം ബലമായി അങ്കുരിച്ചു. എന്നാൽ, ഇതിനെ വളൎത്തിക്കൊണ്ടുവരുവാനുള്ള പ്രാപ്തി അവന്നു വളരെ മോശമായിരുന്നു. പ്രേമത്തിനെപ്പററി പലേ പുസ്തകങ്ങളിലും പലതും മാധവൻ വായിച്ചിട്ടുണ്ടു്. അതെല്ലാം യഥാൎത്ഥത്തിൽനിന്ന് എത്രയോ അകന്നിട്ടായിരുന്നു. ബി. എ. പാസ്സാവാൻ വേണ്ട പഠിപ്പെല്ലാം പഠിച്ചിട്ടും തന്റെ വധുവിന്റെ ഹൃദയം കവരുവാനുള്ള പ്രാപ്തി പിന്നെയും ആയില്ല. പുസ്തകങ്ങൾകൊണ്ടൊന്നും യാതൊരുപയോഗവുമില്ലെന്നു മാധവന്നു ക്രമേണ മനസ്സിലായിടത്തുടങ്ങി. ഈ വിധം പ്രേമപരീക്ഷയിൽ പാസ്സാവാനുള്ള പ്രാപ്തിയില്ലാതെ കുഴങ്ങുകയായിരുന്നുവെങ്കിലും, എന്തൊ സംഗതിവശാൽ മാധവന്റെ ഹൃദയം വധുവിന്റെ അരികിലോട്ടു പിടിച്ചുവലിക്കുന്ന ഒരു ശക്തിയെ തടയുവാൻ ആയാൾക്കു സാധിച്ചതുമില്ല.

ഭാവിയിൽ തന്റെ പ്രേമഭാജനമാണ് അവളെന്നു മാധവൻ മനസ്സുകൊണ്ടു് ചിത്രീകരിക്കും. ചിലപ്പോൾ നവയൌവനസുന്ദരിയായ തന്റെ വധുവാണെന്നും, മററു ചിലപ്പോൾ താൻ മനസ്സുകൊണ്ടാരാധിക്കുന്ന കാമക്കുരുത്താണെന്നും, പതിവ്രതാധൎമ്മം ആചരിച്ചുകൊണ്ടുള്ള തന്റെ സന്താനങ്ങളുടെ അമ്മയാണെന്നും, ഈ വിധം ബഹുഗുണീഭവിച്ച ഒരു പ്രേമമൂൎത്തിയായി അവളെ പററി മാധവൻ ദിവാസ്വപ്നം കാണും. ഒരു ചിത്രമെഴുത്തുകാരൻ ചിത്രീകരിക്കുന്ന സ്വരൂപം ഹൃദയത്തിൽ നിൎമ്മിക്കുന്ന പോലേയും, ഒരു കവി തന്റെ കവിതാസ്വരൂപം മനസ്സുകൊണ്ടാലോചിച്ചുറക്കുന്ന പോലേയും മാധവൻ ഈ യുവവധുവിനെ തന്റെ ഭാവിയിലെ പരിപൂർണ്ണസുഖാനന്ദമൂൎത്തിയായി മനസ്സുകൊണ്ടു സങ്കല്പിച്ചു നാളുകൾ കഴിച്ചു കൂട്ടി.

V

തറവാട്ടുവക കാൎയ്യങ്ങളെല്ലാം ഒരു വിധം കയ്യാശിപ്പിക്കുവാനായി മാധവന്നു മൂന്നു മാസം വേണ്ടിവന്നു. അതോടുകൂടിത്തന്നെ കുഡുംബത്തിലേയും ബന്ധുക്കളുടെയും സ്ത്രീകൾ ആവശ്യപ്പെട്ട തീൎത്ഥയാത്രയും കഴിച്ചു. അടുത്ത വീടുകളിലുള്ള സ്ത്രീകളിൽ ചിലർ മാധവ

ന്റെ വധുവിനോടു കുറേശ്ശ സംസാരിപ്പാൻ തുടങ്ങി. ദിവസം ചെല്ലുന്തോറും മാധവനു തന്റെ വധുവിനോടുള്ള പ്രേമബന്ധം മുറുകിവരികയും ചെയ്തു.

മാധവനും വധുവും തമ്മിൽ ലജ്ജയോടുകൂടിയുള്ള പെരുമാററം ക്രമേണ വിട്ടുതുടങ്ങി. അവർ തമ്മിൽ വളരെ സ്വാതന്ത്ര്യത്തോടു കൂടി സംസാരിക്കും; കളിച്ചിരിക്കും. മാധവൻ ഇടക്കു നിശ്ശബ്ദമായി പിന്നാലെ ചെന്നു അവളുടെ കണ്ണുകൾ പൊത്തി തല മാറോടു പിടിച്ചണക്കും. രാത്രി ഊണിന്നു മുമ്പു അവൾ കിടന്നുറങ്ങിയാൽ മാധവൻ അവളെ പോയി ഉപദ്രവിച്ചു വിളിച്ചുണർത്തും. അതിന്നു പ്രതിഫലമായി അവളുടെ ശകാരവും കുറെ കേൾക്കും. ഒരു ദിവസം വൈകുന്നേരം അവളുടെ തലമുടി മാധവൻ പിടിച്ചുകൊണ്ടു ഇങ്ങിനെ പറഞ്ഞു:

"നാണിക്കുട്ടി, നിന്റെ തലമുടി കെട്ടുന്ന സമ്പ്രദായം എനിക്കു തീരെ പിടിക്കുന്നില്ല." അവൾ രസമില്ലാതെ ഒന്നു തുറിച്ചുനോക്കി, ദേഷ്യഭാവത്തോടെ പറഞ്ഞു:

"പിന്നെ, എന്നെ എന്താണ് എപ്പോഴും നിങ്ങളെല്ലാവരും നാണിക്കുട്ടിയെന്നു വിളക്കുന്നത്? എന്റെ പേർ മാററിയാൽ നിർഭാഗ്യത്തിന്നു കുറവുണ്ടാകുമെന്നു വെച്ചാണോ അങ്ങിനെ ചെയ്യുന്നത്? ഞാൻ ജനിച്ചമുതല്ക്കു നിർഭാഗ്യവതിയാണ്. ഇനിയും അങ്ങിനെ തന്നേയുണ്ടാവുകയുമുള്ളു."

അവൾ പറഞ്ഞതിന്റെ അർത്ഥമൊന്നും തീരെ മാധവനു മനസ്സിലായില്ല. മാത്രമല്ല, അവളുടെ വാക്കുകൾ അവനെ വല്ലാതെ അസ്വസ്ഥപ്പെടുത്തി. എന്തോ വലുതായ ഒരസംബന്ധം ഇതിൽ എവിടെയോ സംഭവിച്ചിട്ടുണ്ടെന്നു മാത്രം മാധവൻ തീർച്ചയാക്കി.

"നീ ജനിച്ച മുതല്ക്കു നിർഭാഗ്യവതിയാണെന്നു പറഞ്ഞതിന്റെ അർത്ഥമെന്താണ്?" എന്നു മാധവൻ തുടർന്നു ചോദിച്ചു.

"ഞാൻ ജനിക്കുന്നതിന്നു മുമ്പു എന്റെ അച്ഛൻ മരിച്ചു. ജനിച്ചു ആറു മാസമായപ്പോഴേക്കും അമ്മയും മരിച്ചു. അതിന്നുശേഷം വളരെ കഷ്ടപ്പെട്ടിട്ടാണ് അമ്മാമന്റെ ഗൃഹത്തിൽ വളർന്നുവന്നത്. പെട്ടെന്നു, അങ്ങു എവിടെനിന്നൊ വന്നിരിക്കുന്നുവെന്നും, എന്റെ പേരിൽ കുറെ ഭ്രമമായിരിക്കുന്നുവെന്നും കേട്ടു. രണ്ടു ദിവസത്തിന്നുള്ളിൽ നമ്മുടെ വിവാഹവും കഴിഞ്ഞു. അവിടുന്നങ്ങോട്ടുണ്ടായതെല്ലാം അങ്ങേക്കറിയാമെല്ലൊ."

മാധവൻ ഇതെല്ലാം കേട്ടു കട്ടിലിന്മേൽ പോയി കിടന്നു. അപ്പോഴേക്കും ചന്ദ്രൻ നല്ലവണ്ണം ഉദിച്ചുയർന്നിരിക്കുന്നു. എന്നാൽ മാധവനു ചന്ദ്രികക്കു പ്രകാശമില്ലാതായി തോന്നി. പിന്നെയൊരു ചോദ്യം അവളോടു ചോദിപ്പാൻ മാധവനു ധൈര്യമുണ്ടായില്ല. താൻ കേട്ടേടത്തോളമുള്ള കാര്യങ്ങളെല്ലാം സാരമില്ലെന്നുവെച്ചു മനസ്സുകൊണ്ടു തള്ളിക്കളഞ്ഞു. ജനവാതിലുകളിൽ കൂടി ഒരു മന്ദമാരുതൻ വീശി. നിലാവിന്റെ പ്രകാശംകൊണ്ടു പക്ഷികൾ ധാരാളം ശബ്ദിച്ചു. അടുത്തുള്ള ഒരു തോണിക്കടവിൽ കെട്ടിയിരുന്ന വഞ്ചിക്കാർ തോണിപ്പാട്ടുകൾ പാടിത്തുടങ്ങി. മാധവൻ ഒന്നും മിണ്ടാതെ കിടക്കുകയാണെന്നു കണ്ടപ്പോൾ തന്റെ വധു അരികിൽ വന്നു മാധവനെ പിടിച്ചിളക്കികൊണ്ടു "എന്താ, ഉറങ്ങുകയാണോ." എന്നു ചോദിച്ചു.

"അല്ല" എന്നൊരു മറുപടി മാത്രം മാധവൻ പറഞ്ഞതല്ലാതെ വേറെയൊന്നും സംസാരിച്ചില്ല. മാധവൻ എന്തെങ്കിലും, പറയുമെന്നു കരുതി കുറെ നേരം കാത്തുകൊണ്ടിരുന്നതിന്നുശേഷം അവളും കിടന്നുറങ്ങി. അവൾ ഉറങ്ങിയെന്നു കണ്ടപ്പോൾ മാധവൻ അവളുടെ അരികെ ചെന്നിരുന്നു. ജനലിൽകൂടി വന്നിരുന്ന ചന്ദ്രികയിൽ പ്രകാശിച്ചിരുന്ന അവളുടെ മുഖകമലം നോക്കി കുറെ നേരം ഇരുന്നു. ഉറക്കത്തിൽകൂടി മന്ദഹാസം ചെയ്തിരുന്ന അവളുടെ മുഖപത്മത്തിൽ അതികഠിനമായ ഒരു ദുർഭഗയോടുകൂടി ജനിച്ചവളാണെന്നുള്ള യാതൊരു ലക്ഷണവും മാധവൻ കണ്ടില്ല.

VI

ഈ യുവതി തന്റെ ഭാര്യയല്ലെന്നു് മാധവനു ബോദ്ധ്യമായി. എന്നാൽ ആരുടെ ഭാര്യയാണ് ഇവളെന്നു് കണ്ടുപിടിക്കുവാൻ യാതൊരു നിവൃത്തിയും ഉണ്ടായിരുന്നില്ല. എങ്ങിനെ കണ്ടുപിടിക്കും?

"നമ്മുടെ വിവാഹസമയത്തു എന്നെ ആദ്യമായി കണ്ടപ്പോൾ നിനക്കെന്താണ് എന്നെപ്പററി ഒരഭിപ്രായം ജനിച്ചത്?" എന്നു മാധവൻ ഒരു ദിവസം തമാശയായി ചോദിച്ചു.

"ഞാൻ അങ്ങയെ കാണുകതന്നെയുണ്ടായില്ല. ഞാൻ ആ സമയത്തെല്ലാം തല താഴ്ത്തിയുംകൊണ്ട് ഇരിക്കുകയായിരുന്നു" എന്നു അവൾ മറുപടിയും പറഞ്ഞു.

മാധവൻ: എന്റെ പേരുംകൂടി ആരും അന്ന് പറയുന്നതു കേട്ടില്ലെ?

യുവതി: അവിടത്തെ പേർ ആദ്യമായി ഞാൻ കേട്ടതു നമ്മുടെ വിവാഹത്തിന്റെ തലേ ദിവസമാണ്. എന്നെ വല്ലവർക്കും പിടിച്ചുകൊടുത്താൽ കൊള്ളാമെന്ന് വിചാരിച്ചിരുന്ന അമ്മായി അങ്ങേടെ പേരുംകൂടി എന്നോടു പറഞ്ഞില്ല.

മാധവൻ: അതൊക്കെയിരിക്കട്ടെ; നിനക്ക് ഇംഗ്ലീഷ് എഴുതാനും വായിക്കാനും അറിയാമെല്ലൊ? നിന്റെ പേരൊന്ന് അക്ഷരത്തെററു വരാതെ ഈ കടലാസ്സിൽ എഴുതിയാട്ടെ.

യുവതി: ആവു, ആവു. അത്രയൊക്കെ എന്നെ പടിഞ്ഞാട്ടു കൊണ്ടു പോണ്ടാ. എന്റെ പേരുംകൂടി ശരിയായി എനിക്കെഴുതുവാൻ വയ്യെന്നൊ? പ്രത്യേകിച്ചും എന്റെ പേരെഴുതുവാൻ വളരെ എളുപ്പമല്ലെ? അക്ഷരങ്ങൾ കുറച്ചല്ലെ ഉള്ളു—എന്നും പറഞ്ഞു കടലാസ്സും പെൻസിലും എടുത്തു "രാധ" എന്നെഴുതുന്നു.

മാധവൻ: ആയ്; തെററാതെ എഴുതിയെല്ലൊ! ആകട്ടെ, എന്നാൽ നിന്റെ അമ്മാമന്റെ പേരെഴുതുക.

രാധ: "ഗോപാലകൃഷ്ണൻ നായർ" എന്നെഴുതുന്നു.

രാധ: എന്താ, ശരിയായില്ലെ?

മാധവൻ: ഓഹൊ, ശരിയായി. ആട്ടെ, എന്നാൽ നിന്റെ അംശത്തിന്റെ പേരെഴുതു.

രാധ: "കണ്ടശ്ശാങ്കടവു" എന്നെഴുതുന്നു.

ഈവിധം സൂത്രത്തിൽ ആ യുവതിയുടെ വിവാഹത്തിന്നു മുമ്പുള്ള ചരിത്രത്തെ മാധവൻ ഏറക്കുറെ മനസ്സിലാക്കി. പക്ഷെ, എന്തു മനസ്സിലാക്കിയിട്ടും, ആവശ്യമുള്ള സംഗതി പിന്നേയും മാധവന് മനസ്സിലായില്ല. ഇനി എന്താണ് ഇതിന്ന് വേണ്ടതു എന്നുള്ള ആലോചനയായി. ഒരുപക്ഷെ അവളുടെ ഭർത്താവു മുങ്ങിച്ചത്തു പോയിയെന്നുതന്നെ വന്നേക്കാം. ഇനി വളരെ പ്രയാസപ്പെട്ട് ഭർത്താവിന്റെ വീടു കണ്ടുപിടിച്ചുവെന്നുതന്നെയിരിക്കട്ടെ. ഇവളെ അവരുടെ കൂട്ടത്തിൽ കൊണ്ടുവിട്ടാൽ അവർ സ്വീകരിക്കുമൊ? ഒരിക്കലും ഉണ്ടാവുന്നതല്ല! അവളുടെ അമ്മാമന്റെ കൂടെതന്നെ കൊണ്ടുവിട്ടാലൊ? അതു അവൾക്ക് നരകദുഃഖമാവുകയും ചെയ്യും. ഇത്രകാലമായി തന്റെ ഭർത്താവല്ലാതെ ഒരുവന്റെ കൂടയാണ് ഇവൾ താമസിച്ചതെന്നു ലോകം അറിഞ്ഞാൽ ആളുകൾ ഇവളെ എത്ര പരിഹസിക്കും! എവിടെയാണീശ്വരാ ഈ പെണ്ണിന്നു ഒരു രക്ഷ! ഇവളെ ഈ ഘട്ടത്തിൽ ഉപേക്ഷിക്കുന്നത് ഒരു മഹാപാപമാണ്. ഒരു ഭാര്യയുടെ നിലക്കല്ലാതെ തന്റെ കൂടെ അവളെ ഇരുത്തുന്നതും മര്യാദയല്ല. മറെറാരാളുടെ കയ്യിൽ ഏല്പിച്ചുകൊടുക്കാനും നിവൃത്തിയില്ല. അങ്ങിനെയെല്ലാമാണെങ്കിലും ഭാര്യാഭർത്താക്കന്മാരുടെ നിലക്കു ഒന്നിച്ചു ജീവിക്കുന്നതും മര്യാദയല്ല. സൌന്ദര്യവതിയായ ഇവൾ തന്റെ ജീവിതത്തിൽ പുരുഷാർത്ഥമായിക്കൊണ്ടുള്ള മനോമോഹനമായ ഒരു ചിത്രം പ്രേമമഷികൊണ്ട് ഹൃദയഭിത്തികളിൽ മാഞ്ഞുപോകാത്തവിധം എഴുതിയിരുന്നുവെങ്കിലും ആ ചിത്രം സർവ്വദാ ആച്ഛാദനം ചെയ്തുകൊണ്ടു ജീവിക്കയല്ലാതെ നിവൃത്തിയില്ലെന്ന് മാധവനു തീർച്ചയായി.

എതായാലും സ്വഗൃഹത്തിൽ താമസിച്ചുകൊണ്ടുള്ള ജീവിതം വയ്യാ എന്നു മാധവന് തോന്നിത്തുടങ്ങി. ഇവിടെ താമസിച്ചാൽ തന്റെ ജീവിതഭ്രമങ്ങളെ ആളുകൾ വേഗത്തിൽ കണ്ടു മനസ്സിലാക്കും. കോഴിക്കോട്ടു പോയി താമസം തുടങ്ങിയാലൊ? ഒരു വലിയ പട്ടണത്തിൽ തന്നെ ആരാണ് അത്രത്തോളം ദൃഷ്ടിവെക്കുക? എത്രയൊ ആളുകളുടെ കൂട്ടത്തിൽ ഒരാളായി ജീവിക്കാം. അവിടെ താമസിച്ചുകൊണ്ട് ഈ മനോവ്യാകുലതക്കു ഒരു നിവൃത്തിയും കണ്ടെത്താം. ഇങ്ങിനെയെല്ലാം വിചാരിച്ചുകൊണ്ട് മാധവൻ രാധയേയും കൂട്ടി കോഴിക്കോട്ടേക്കുപോയി. അവിടെ മുമ്പു താമസിച്ചിരുന്നേടത്തുനിന്നു വിട്ടു കുറെ ദൂരെയായി ഒരു വീടെടുത്തു താമസവും തുടങ്ങി.

ഈ ജീവിതം രാധക്കു ഒരു പുതുമയായിരുന്നു. അതിനാൽ, അവിടെ താമസം തുടങ്ങിയ മുതൽ സൌകര്യമുള്ളപ്പോളെല്ലാം ജനവാതിലിന്റെ മുകളിൽ കയറിയിരിക്കും. ആളുകൾ തുരുതുരെയായി റോട്ടിൽകൂടെ ഗതാഗതം ചെയ്യുന്നതു അവൾക്കു ബഹുരസമായിരുന്നു. അവരുടെ വീട്ടുപ്രവൃത്തിക്കുള്ള ഒരു ദാസിയൊഴിച്ചു വേറെ യാരും അവിടെയില്ല. ഈ ദാസിക്കു കോഴിക്കോട്ടെ തെരുവീഥികളിലുള്ള തെരക്കു കണ്ടു യാതൊരു ഭ്രമവും ഉണ്ടായിരുന്നില്ല. അതിനാൽ രാധയുടെ ഭ്രമം ഒരു ഭ്രാന്തായിട്ടാണ് അവൾക്കു തോന്നിയത്.

"എന്താണ് ഇത്ര നോക്കിക്കൊണ്ടിരിക്കുവാനുള്ളത്. കുളിയൊന്നും വേണ്ടെന്നുണ്ടോ? നേരം എത്രയായി?" എന്നു പറഞ്ഞു ഈ ദാസി രാധയെ പരിഹസിക്കും. ഈ ദാസിക്കു പകൽ സമയം മാത്രമെ മാധവന്റെ വീട്ടിൽ പ്രവൃത്തിയുള്ളു. രാത്രി അവളുടെ വീട്ടിലേക്കുതന്നെ മടങ്ങിപോകും.

"എനിക്കു ഇനി രാധയുടെ ഒന്നിച്ചു കിടന്നുറങ്ങുവാൻ വയ്യാ. പക്ഷെ, ഈ സാധുകുട്ടി എങ്ങിനെയാണ്, വിശേഷിച്ചും അപരിചിതമായ ഈ സ്ഥലത്ത്, തനിയെ കിടന്നുറങ്ങുക?" എന്നായി മാധവന്റെ വിചാരം.

ദാസി ആദ്യത്തെ ദിവസം രാത്രി ഊണ് കഴിഞ്ഞ് അവളുടെ വീട്ടിലേക്കു പോയി. മാധവൻ രാധയോടു പറഞ്ഞു: "നിനക്കുറങ്ങുവാനുള്ള സ്ഥലമാണിതു്. പോയികിടന്നുറങ്ങിക്കോളു. ഞാൻ വായന കഴിഞ്ഞുവരാം," എന്നും പറഞ്ഞ് വായിക്കുവാൻ പോകയാണെന്നഭിനയിച്ചുകൊണ്ടു മാധവൻ ഒരു പുസ്തകവും എടുത്തു വിളക്കിന്റെ അരികത്തു ഒരു കസേലയിൽ ചെന്നിരുന്നു. രാധയാകട്ടെ ക്ഷീണം കൊണ്ടു വേഗം ഉറങ്ങുകയും ചെയ്തു. (തുടരും.)

# "നാം മുന്നോട്ട മുന്നോട്ട"

(കേക)

മുന്നോട്ട മുന്നോട്ട നാം, സഖ്യ സൈനികശക്തി-
യെൻ നാട്ടുകാരെ, കാണ്മൂവിജയ ശ്രീലാളിതം.

മഹത്തമ്മഹാബലം തൻ സുഖചരായാതലെ
ജഗത്തൊന്നാകെനിത്യവിശ്രമം വരിക്കാവൂ.

നാമിതിൻ കൊടിക്കീഴിലായതു മഹാഭാഗ്യം,
ആമയസമ്പൂർണ്ണമാമിക്കാലത്ത, ല്ലെന്നാകിൽ,
ഉറങ്ങാൻ സാധിക്കുമോ, ലേശമാത്രവും നമു-
ക്കനങ്ങാനെന്തെങ്കിലുമാകുമോ ഹിതംപോലെ ?
ധാന്യമൊട്ടെന്നാലതു മുണ്ണുവാൻ ശക്യമാമോ
മാന്യത തറവാട്ടിലീനമുക്കിരിക്കുമോ ?
മുന്നോട്ട മുന്നോട്ട നാമെമ്മട്ടും ഗതഭയം
എന്നാട്ടുകാരെ സഖ്യശക്തിക്കു സാഹായ്യരായ്.

അക്ഷരശ്രുതിയിലും ആസ്തിക്യ കേദാരമാം,
വിസ്തരസ്ഥിതിയിലും പ്രസൂരപ്രാചുര്യമാം,
ആഹവ വ്യൂഹത്തിലും ആഹന്ത സാക്ഷാൽധർമ്മ-
കാഹളധ്വനിപോററും കർമ്മശ്രീ സൽക്ഷേത്രമാം,

ഭാരതക്ഷിതി ജാപ്പ് ഫാസിസ സ്വാർത്ഥഭ്രാന്തിൻ-
ക്രൂരതക്കടിമയായ് തീരാതെ വേണമെങ്കിൽ,
ബോധ സംശുദ്ധന്മാരായിനിയും സ്വാതന്ത്ര്യത്തെ-
ച്ചോദിക്കാനുള്ളിലാശപോലും പോററണമെങ്കിൽ,
മുന്നോട്ട മുന്നോട്ട നാം സഖ്യ സൈനികശക്തി-
യൊന്നിച്ചു നിസ്സങ്കോചം വിജയം വരിക്കുവാൻ.

നാസിസ പൈശാചിക വേക്രുത്തിൽ പാരം, പാരാ-
വാരവും വിറച്ചുലതല്ലുന്ന സംഭീതമായ്.

മാമലകളിൽ മന്ദചേഷ്ടനായ്, നിശ്ശബ്ദനായ്-
ത്തുമലർക്കൂട്ടത്തിൽ ചെന്നൊളിച്ചു ജഗത്പ്രാണൻ
ഘാതകജനാവലി ജർമ്മനി മന്നിന്നെന്നും-
ഛേതവും ഖേദങ്ങളും മാത്രമേ നൽകാൻപോരും.

ക്ഷേമഗർഭമാം ഭൂമി കേവലംഭയാനക
ക്ഷാമഗഹ്വരത്തിലേക്കാരുതാൻ തള്ളിവീഴ്ത്തി,
അക്കൊട്ടും ക്രൂരൻ ഹിററലറസ്സപനഹി, നമു-
ക്കഖരൻ കന്ധരച്ഛേദം സജ്ജനത്രാണം നൂനം.

മുന്നോട്ട മുന്നോട്ട നാം പ്രസ്തുതം സാധിക്കുവാ-
നെന്നാട്ടുകാരേ, സഖ്യശക്തിയിൽ സന്നദ്ധരായ്
കെല്പവഞ്ചനക്കാന്ന ജാപ്പൊററുകാരൻ പക്ഷേ
ജിഹ്വയിൽനിന്നും പൂന്തേൻ തൂമൊഴി പൊഴിക്കയാം.

പിശുനംവിശ്വസിച്ചു നാമിദം തീരാവ്യഥാ-
വിക്ഷമം വിഷ്കംഭമാന്നീടരുതൊരുനാളും
എങ്കിലേ മാതൃഭൂവിൻ മേന്മയും മഹിമയും
പങ്കഹീനമായ് പാലിച്ചീടുവാൻ നമുക്കാകും.

മുന്നോട്ട മുന്നോട്ട നാം ഭാരതീയരെ സഖ്യ-
സൈന്യത്തിൽ ചേർന്നന്നാളുമൂഴിയിൽ ശമം പാകാൻ.

## സഖ്യസൈനിക സംഗീതം

കേദാരഗൌളം—രൂപകം

(പല്ലവി)

അനഘാനഘാംഗകയുതവര-
സഖ്യസൈനികസ്ഥിത-

(അനുപല്ലവി)

ചിരാവനഗുണം, ജയം, പര-
മസ്തു നിസ്തുലംനലം, പരമ-
കോടിമാതംഗയൂഥ-
സമദ്ധബല പ്രൗഢം,
ഗതാമയ വിധംനിതാന്ത-
മക്ഷയകുശലകരാങ്കിതം (അനഘാ)

(ചരണം)

സുമംഗളകരം ബഹുവിധ-
മലംകൃതം ഇദം നിയത-
മരാതിയോഗക്ഷത-
കാരണമേകം, ഭൃത-
വൃത്തിഭൂഷിതം, ചിര-
സസ്ഥിരമച്യുതമിത്ഥഹിത-
മൈത്രയുമൂലകിന്നേകം,
ആഹവയോഗം ഏകം,
വരമൊഴി പൂജിതമേവം
ധേനുപാലരചിതം, സ്തുതി
കേദാരഗൌള രാഗം, ഇതി
രൂപകതാളസ്ഥിതി (അനഘാ)

(2-ാം പേജിൽനിന്നു തുടച്ച്)

ക്ഷയിച്ചുവരികയാണ് ചെയ്യിരിക്കുന്നതെന്നും, അടുത്തവസരത്തിൽ ഇന്ത്യയിലെ ഭക്ഷണകാര്യത്തെപ്പററി പാർലിമെണ്ടിലുണ്ടായ വാദ പ്രതിവാദം കൊണ്ട് വെളിവായിട്ടുണ്ടെന്നാണ് ചില പത്രങ്ങളിൽ കാണുന്നത്. ബ്രിട്ടീഷ് ഭരണം കൊണ്ടു ഇന്ത്യ ക്ഷയിച്ചുവെന്ന പറയുവാൻ ചില രാഷ്ട്രീയ മതക്കാർക്കു വളരെ സുഖമാണ്. ഞാൻ ഒന്ന് ചോദിച്ചോട്ടെ ? മാമ്പലം എന്നും ത്യാഗരാജനഗരം എന്നും ഇപ്പോൾ പറയുന്ന പ്രദേശം ഒരു ഇരിപതു് കൊല്ലം മുമ്പ് എനിക്കു കണ്ടറിവുണ്ട്. മാമ്പലം എന്ന് പറഞ്ഞിരുന്ന റെയിൽവെസ്റ്റേഷൻ തന്നെ വെറും ഒരു പൊളിഞ്ഞ തീവണ്ടിപ്പെട്ടിയായിരുന്നു. അവിടെ വല്ല തീവണ്ടിയും നിർഭാഗ്യവശാൽ ചെന്നു നില്ക്കുവാനുള്ള യോഗമുണ്ടായിയെങ്കിൽ ഇരുപുറവും കണ്ണെത്തുവോളം വെള്ളം നിറഞ്ഞതൊ വററിയതൊ ആയ ഏരികൾ കാണാമെന്നല്ലാതെ മനുഷ്യസമുദായത്തിൻെറ യാതൊരു പേരു മാററവും ഉണ്ടായിരുന്നില്ല. തവളയൊ മണ്ണട്ടയൊ സർവ്വദാ പാട്ടുകച്ചേരി നടത്തിയിരുന്നുവെന്നെ ഉള്ളു. ഇങ്ങിനെ കിടന്നിരുന്ന ഒരു സ്ഥലം ഇന്നു സ്വർഗ്ഗലോകതുല്യമായിട്ടാണു കിടക്കുന്നത്. മദിരാശി പട്ടണത്തിലുള്ളതിൽ അധികം ജനങ്ങൾ അവിടെ താമസിക്കുന്നു. സ്ഥലം മണിമാളികകൾ കൊണ്ടും രമ്യഹർമ്മ്യങ്ങൾകൊണ്ടും നിറഞ്ഞിരിക്കുന്നു. മദിരാശി പട്ടണം നിറഞ്ഞു വഴിഞ്ഞതാണ് മാമ്പലത്തേക്ക്. ഈ ജനസമുദായ വർദ്ധനയും ഐശ്വര്യവർദ്ധനയും ആരുടെ ഭരണകാലത്തുണ്ടായതാണോ വൊ ? ഒരു സ്ഥലത്തു മാത്രമല്ലെ അങ്ങിനെയുള്ളുവെന്ന് പറയുമായിരിക്കാം. ഇന്ത്യയിൽ മററു അനേകായിരം ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ ഞാൻ കാണിച്ചു തരാം. ബ്രിട്ടീഷ് ഗവർമ്മേണ്ടിനെ ശകാരിക്കയാണെങ്കിലും നുണ പറയരുതു്. ബ്രിട്ടീഷ് ഭരണം കൊണ്ട് ഇന്ത്യയിൽ ഐശ്വര്യം തീർച്ചയായും വർദ്ധിച്ചിട്ടുണ്ട്. ഇതു മറച്ചു വെക്കത്തക്ക സംഗതിയല്ല.

* * *

എന്നാൽ നഗരങ്ങളിൽ ഇത്തരത്തിലുള്ള വർദ്ധനയുള്ളതുപോലെ തന്നെ നാട്ടുപുറങ്ങളിൽ ക്ഷയവും ഉണ്ടായിട്ടുണ്ട്. ഇതും സമ്മതിക്കാതെ കഴികയില്ല. നാട്ടുപുറങ്ങൾ ക്ഷയിക്കുവാൻ ബ്രിട്ടീഷ് ഗവർമ്മേണ്ട് വല്ല നിയമവും പാസ്സാക്കിയൊ ? ഇല്ല. ഇന്ത്യയിൽ പരിഷ്കാര ജീവിതം ആചരിച്ച സർവ്വജനങ്ങൾക്കും നഗരങ്ങളിലേക്കായി ആകർഷണം. നാട്ടുപുറത്തെപററി വല്ല പ്രസംഗ വിഷയമായൊ വോട്ടു വിഷയമായൊ മാത്രമെ ആലോചന വരികയുള്ളു. ഇതെ വരെ യുണ്ടായിരുന്ന ഭരണരീതി ഇന്ത്യയിലെ നേതാക്കന്മാർ അത്തരത്തിലുള്ള താക്കിതീർത്തു. നാളെകളുള്ളതും അത്തരത്തിലായാൽ കൊള്ളാമെന്നു വെച്ചാണ് ഇവർ നാഷനൽ ഗവർമ്മേണ്ടിന്നും മററും വിശകികൊണ്ടിരിക്കുന്നതു്. ഇവർ ആവശ്യപ്പെടുന്ന തരത്തിലുള്ള ഭരണം ഇന്ത്യക്കു പററിയതല്ലെന്ന് മി. അമരി പറഞ്ഞതു മാത്രമാണ് ഒരാശ്വാസം. ഇദ്ദേഹം പറഞ്ഞതനുസരിച്ചു ഇന്ത്യയിലെ പൊതുജനങ്ങൾക്കു രക്ഷാനിവൃത്തിമാർഗ്ഗം വരുത്തക്ക ഒരു ഭരണം വരുത്തിക്കൂട്ടിയാൽ എത്ര നന്നായെന്നെ.

# 5,000 ക. ഇനാം

## ശത്രു ഏജൻറമാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീടു ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാർക്കു ബോദ്ധ്യമാംവണ്ണം തെളിയുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവർമ്മേണ്ടു ഇനാം കൊടുക്കുന്നതാണ്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണ്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു സംബന്ധിച്ചു, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ടു ചെയ്യേണ്ടുന്ന ആവശ്യകതയിലേക്കു പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു:—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്നു പാരക്ക്യൂട്ടു വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവൎത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാൎഗ്ഗമായൊ സമീപസ്ഥലത്തു നടക്കുന്നുണ്ടെന്നു സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണു പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സു ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണു പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സു ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സു സ്റ്റേഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സ് സ്റ്റേഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സ് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സ് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ടു ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ കാണിച്ചു, തേർച്ച ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ടു മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്കിലെ കലക്ടർക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണ്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാർജ്ജുള്ള മജിസ്ത്രേട്ടു, വിചാരണ നടന്ന കോടതിയുടെ ശിപാർശികളനുസരിച്ചു, സാധാരണമായി ഇനാം കൊടുക്കുന്നതാണ്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ചു കണക്കാക്കുന്നതുമാണ്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവർമ്മേണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂൎവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാർക്കൊ ഗസററഡ് ഗവർമ്മേണ്ടു ഉദ്യോഗസ്ഥന്മാർക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാർട്ടുമെണ്ടുകളിലുള്ള നോൺ-ഗസററഡ് ഗവർമ്മേണ്ടു ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അൎഹരാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.